# ദലിത് ക്രൈസ്തവജീവിതാവിഷ്കാരം 'പുലയത്തറ' , 'കരിക്കോട്ടക്കരി' എന്നീ നോവലുകളെ മുൻനിർത്തിയുള്ള പഠനം

സെന്റ് തെരേസാസ് കോളേജ് (സ്വയംഭരണം) മലയാള ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


**ഷെസ്ന സെയ്സൺ**

**രജിസ്റ്റർ നമ്പർ : SM21MAL007**



**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2023**

# ദലിത് ക്രൈസ്തവജീവിതാവിഷ്കാരം 'പുലയത്തറ','കരിക്കോട്ടക്കരി' എന്നീ നോവലുകളെ മുൻനിർത്തിയുള്ള പഠനം

സെന്റ് തെരേസാസ് കോളേജ് (സ്വയംഭരണം) മലയാള ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


**ഷെസ്ന സെയ്സൺ**

**രജിസ്റ്റർ നമ്പർ : SM21MAL007**



**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2023**

# പ്രതിജ്ഞാപത്രം

ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമാ യ സ്ഥാപനത്തിന്റെയോ ബിരുദത്തിന് സമർപ്പിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഷെസ്ന സെയ്സൺ**

02.08.2023
എറണാകുളം

രണ്ടാംവർഷ മലയാളം
ബിരുദാനന്തരബിരുദം

## സാക്ഷ്യപത്രം

**ഡോ. ലില്ലി സി. ഒ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സെന്റ് തെരേസാസ് കോളേജ് (സ്വയംഭരണം)
എറണാകുളം

സെന്റ് തെരേസാസ് കോളേജ് (സ്വയംഭരണം) മലയാളം ബിരുദാനന്തരബിരുദത്തിന്റെ ഭാഗിക പൂരണത്തിനായി ഷെസ്ന സെയ്സൺ സമർപ്പിക്കുന്ന '' ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം 'പുലയത്തറ', 'കരിക്കോട്ടക്കരി' എന്നീ നോവലുകളെ മുൻനിർത്തിയുള്ള പഠനം'' എന്ന പ്രബന്ധം എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമയ്ക്കോ വേണ്ടി സമർപ്പിച്ചിട്ടുള്ളതല്ലെന്നും ഇതു പൂർണമായോ ഭാഗികമായോ മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

02.08.2023

എറണാകുളം **ഡോ. ലില്ലി സി.ഒ**

## കൃതജ്ഞത

ഈ പ്രബന്ധ രചനയ്ക്ക് വേണ്ട മാർഗനിർദ്ദേശം നൽകി എന്നെ സഹായിച്ച സെന്റ്. തെരേസാസ് കോളേജ് മലയാളവിഭാഗം അദ്ധ്യാപിക ഡോ. ലില്ലി സി.ഒ യോടും, പ്രബന്ധരചനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രറി വിഭാഗം ഉദ്യോഗസ്ഥരോടുമുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

**ഷെസ്ന സെയ്സൺ**

02.08.2023
എറണാകുളം

രണ്ടാംവർഷ മലയാളം
ബിരുദാനന്തരബിരുദം

## ഉള്ളടക്കം

**ആമുഖം** I - III

1.പഠനലക്ഷ്യം

2.പഠനത്തിന്റെ പ്രസക്തി

3.പരികല്പന

4.പഠനമേഖല

5.പഠനരീതി

6.പ്രബന്ധസ്വരൂപം

**അധ്യായം ഒന്ന്** 1-9

ദലിത് ക്രൈസ്തവ ജീവിതവും സാഹിത്യവും

1.1. ദലിതർ - പരികല്പന

1.2. ദലിതർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1.3. ദലിത് ക്രൈസ്തവർ

1.4. ദലിത് ക്രൈസ്തവരുടെ തിരിച്ചുവരവ്

1.5. ദലിത് സാഹിത്യം മലയാളത്തിൽ

**അധ്യായം രണ്ട്** 10-18

ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം 'പുലയത്തറ'യിൽ

2.1. നോവൽ : പരിചയം

2.2. 'പുലയത്തറ' - നോവൽ ശീർഷകം

2.3.നോവൽ : ഇതിവൃത്തം

2.4. നോവൽ : കഥാപാത്രങ്ങൾ

2.4.1. സ്വത്വബോധത്തിൽ ഉറച്ച്നിൽക്കുന്നതിന്റെ പ്രതീകം

2.4.2.ധർമ്മസങ്കടത്തിലാഴുന്നവർ

2.4.3. ഉയിർത്തെഴുന്നേൽപ്പിന്റെ ശബ്ദം

2.5. നോവൽ : ഭാഷ

2.6. അടിയാളജീവിതത്തിന്റെ ദൈന്യത

2.7. ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം

2.8. ദലിത് ക്രൈസ്തവരുടെ ഉയിർത്തെഴുന്നേൽപ്പ്

**അധ്യായം മൂന്ന്** 19-27

'കരിക്കോട്ടക്കരി ' നോവലിലെ ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം

3.1. നോവൽ: ഇതിവൃത്തം

3.2. നോവൽ: കഥാപാത്രങ്ങൾ

3.2.1. സവർണ്ണ ക്രൈസ്തവബോധം പേറുന്ന കാഥാപാത്രങ്ങൾ

3.2.2. പരിവർത്തനത്തിന്റെ ഭാരമനുഭവിക്കുന്നവർ

3.2.3. സ്വത്വബോധം ഘോഷിക്കുന്നവർ

3.3. അധികാരത്തിൽ കുടുംബം

3.4.'കരിക്കോട്ടക്കരി' - സ്വത്വത്തിലേക്കുള്ള തിരിച്ചുവരവ്

**ഉപസംഹാരം** 28-29

**ഗ്രന്ഥസൂചി** 30-31

**ഓൺലൈൻ റഫറൻസ്** 30 -31

# ആമുഖം

# ആമുഖം

ജാതി എന്നത് ഒരു മുഖ്യ സാമൂഹ്യയാഥാർത്ഥ്യമാണ് .മതത്തേക്കാൾ ദൃഢമാണ് ജാതി.കീഴാളത്വം നിഷേധാത്മകമായാണ് അവതരിപ്പിക്കപ്പെടുന്നത്. ദലിതത്വം ജാതീയമായ ആത്മബോധമല്ല,തിരിച്ചറിവാണ്.സമുദായ പരിഷ്കരണത്തിന്റെയും ജാതിവിരുദ്ധതയുടെയും നവോത്ഥാന സന്ദർഭത്തിലാണ് ദലിത് ഭാവുകത്വം രൂപം കൊള്ളുന്നത് .സമൂഹത്തിൽ അരിക്കുവൽക്കരിക്കപ്പെടുന്ന ഒരു ജനതയാണ് ദളിതർ.ജാതിയുടെപേരിലും നിറത്തിന്റെപേരിലും അവർ ധാരാളം അവഗണനകൾ നേരിടുന്നു.

ദലിതർ നേരിടുന്ന പ്രശ്നങ്ങളെ പരാശ്രിതാവസ്ഥയെന്നോ അധികാരരഹിതാവസ്ഥയെന്നോ പറയാം. ജീവിതത്തിന്റെ എല്ലാ തുറകളിലും പരാശ്രയത്വത്തിന്റെ അർത്ഥവും അനുഭവങ്ങളും നിരന്തരമായി പേറുന്നുവെന്നതാണ് ദലിതർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പരാശ്രിതജനതയ്ക്ക് ഒരിക്കലും സ്വാതന്ത്ര്യത്തിന്റെ സ്വച്ഛത അനുഭവിക്കാനാവുന്നില്ല. ഏറെ സങ്കീർണവും വൈവിധ്യപൂർണ്ണവുമായ അനുഭവങ്ങൾകൊണ്ട് അരികുവത്കരിക്കപ്പെടുന്ന അവർ അവഗണനകളെ മറികടക്കാൻ ക്രിസ്തുമതം സ്വീകരിക്കാൻ താൽപ്പര്യപ്പെടുന്നു. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ ദലിത് ക്രിസ്ത്യാനികളെന്ന് വിശേഷിപ്പിക്കുന്നു.

ദലിതർക്ക് തന്റെ സ്വത്വം അവതരിപ്പിക്കാനുള്ള ഒരു ഉപാധിയായി ദലിത് സാഹിത്യം മാറിയിരിക്കുന്നു. സാഹിത്യശാഖയായ നോവലിലൂടെ ദലിത്ജീവിതങ്ങളെ കൃത്യമായി അവതരിപ്പിക്കുവാനും അടുത്തറിയാനും സാധിക്കുന്നു. ദലിതരിലെ മറ്റൊരു വിഭാഗമാണ് ദലിത് ക്രൈസ്തവർ.ജാതിയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ മറികടക്കാനാണ് അവർ മതപരിവർത്തനത്തിലൂടെ ക്രിസ്തുമതം സ്വീകരിക്കുന്നത്. എന്നാൽ സവർണ്ണ ക്രൈസ്തവർക്കിടയിലും ദലിത് ക്രിസ്ത്യാനികൾക്ക് പല അവഗണനകളും നേരിടേണ്ടിവരുന്നു. ഇങ്ങനെ അകറ്റി നിർത്തപ്പെടുന്നദലിത് ക്രൈസ്തവജീവിതവും സാഹിത്യത്തിൽ പറഞ്ഞുവയ്ക്കുന്നു.

## 1. പഠനലക്ഷ്യം

ദലിതർ എല്ലാ മേഖലയിൽ നിന്നും അറ്റിനിർത്തപ്പെട്ടവരാണ്. എന്നാൽ ആ അവസ്ഥയ്ക്ക് ഒരു പരിധിവരെ ഇന്ന് മാറ്റം സംഭവിച്ചിരിക്കുന്നു. ദലിതരെപ്പോ

ലെതന്നെ ദലിത് ക്രൈസ്തവരും അവഗണനകൾക്ക് വിധേയമാകുന്നു.എങ്ങനെ മുഖ്യധാര സമൂഹത്തിലേക്ക് കടന്നുവരാമെന്ന് അവർ തന്നെ കണ്ടെത്തുന്നു. അത്തരത്തിൽ പോൾ ചിറക്കരോടിന്റെ 'പുലയത്തറ', വിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി' എന്ന നോവലുകളിൽ മുന്നോട്ടുവയ്ക്കുന്ന ദലിത് ക്രൈസ്തവ വീക്ഷണങ്ങൾ കണ്ടെത്തുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## 2. പഠനത്തിന്റെ പ്രസക്തി

അരികുവത്ക്കരിക്കപ്പെട്ടവരായ ദലിത് ക്രൈസ്തവരുടെ മുന്നേറ്റത്തെ ലക്ഷ്യമാക്കി പോൾ ചിറക്കരോടിന്റെയും വിനോയ് തോമസിന്റെയും കൃതികളിൽ പകർന്നുതരുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്ന പഠനമാണിത്. പഠനത്തിനായി പോൾ ചിറക്കരോടിന്റെ 'പുലയത്തറ ', വിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി 'എന്നീ നോവലുകളാണ് തെരഞ്ഞെടുത്തിരിക്കുന്നത്.''ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം 'പുലയത്തറ', 'കരിക്കോട്ടക്കരി' എന്നീ നോവലുകളെ മുൻനിർത്തിയുള്ള പഠനം' എന്നതിന് ഗവേഷണാത്മകമായ പഠനമുണ്ടായിട്ടില്ല എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി.

## 3. പരികല്പന

തെരഞ്ഞെടുത്ത നോവലുകളെ മുൻനിർത്തി ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരങ്ങളെ എഴുത്തുകാരായ പോൾ ചിറക്കരോട്, വിനോയ് തോമസ് എന്നിവരുടെ വീക്ഷണങ്ങൾ വിലയിരുത്താനാകും എന്നതാണ് ഈ പഠനത്തിന് ആധാരമായുള്ള പരികല്പന .

## 4. പഠനമേഖല

'ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം 'പുലയത്തറ ', 'കരിക്കോട്ടക്കരി' എന്നീ നോവലുകളെ മുൻനിർത്തിയുള്ള പഠനം ' എന്ന ഈ പ്രബന്ധത്തിൽ ദലിത് ക്രൈസ്തവരെക്കുറിച്ചും ദലിത് സാഹിത്യവും വിശദമായി അപഗ്രഥിക്കുന്നു. തുടർന്ന് പുലയത്തറ, കരിക്കോട്ടക്കരി എന്നീ നോവലുകളെ വിശകലനം ചെയ്യുകയും ചെയ്യുന്നു.

## 5. പഠനരീതി

മലയാളത്തിൽ ഉണ്ടായിരിക്കുന്ന ദലിത് ക്രൈസ്തവ നോവലുകളെ വിശകലനം ചെയ്യുകയും അവ മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങൾ പരിശോധിക്കുകയും ചെയ്യുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

## 6. പ്രബന്ധസ്വരൂപം

ആമുഖം, ഉപസംഹാരം എന്നിവ കൂടാതെ മൂന്ന് അധ്യായങ്ങളാണ് ഈ പ്രബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 'ദലിത് ക്രൈസ്തവജീവിതവും സാഹിത്യവും' എന്ന ഒന്നാം അധ്യായത്തിൽ ദലിത് , ദലിത്സാഹിത്യം , ദലിതർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്നിവയോടൊപ്പം ദലിത്ക്രൈസ്തവർ അവരുടെ സാഹിത്യം എന്നിവയുംകൂടി ചർച്ച ചെയ്യുന്നു. 'ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം പുലയത്തറയിൽ' എന്ന രണ്ടാമത്തെ അധ്യായത്തിൽ പോൾ ചിറക്കരോടിന്റെ 'പുലയത്തറ' എന്ന നോവലിലെ ദലിത്ജീവിതത്തെ വിശകലനം ചെയ്യുന്നു. 'കരിക്കോട്ടക്കരി നോവലിലെ ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം' എന്ന മൂന്നാം അധ്യായത്തിൽ വിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി' നോവലിലെ ദലിത് ക്രൈസ്തവ ജീവിതം പഠനവിധേയമാക്കുന്നു. ഉപസംഹാരത്തിൽ പഠനത്തിൽനി ന്നുള്ള കണ്ടെത്തലുകൾ ക്രോഡീകരിക്കുന്നു. ഗ്രന്ഥസൂചി ലേഖനസൂചി എന്നിവ യോടെ പ്രബന്ധം അവസാനിക്കുന്നു.

## അധ്യായം ഒന്ന്

# ദലിത് ക്രൈസ്തവജീവിതവും സാഹിത്യവും

## അധ്യായം ഒന്ന്

## ദലിത് ക്രൈസ്തവജീവിതവും സാഹിത്യവും

ദലിത് എന്നതുകൊണ്ട് ഒരു ജാതിയെ മാത്രമല്ല കുറിക്കുന്നത് മറിച്ച് പല കാരണങ്ങൾകൊണ്ട് സമൂഹത്തിൽനിന്നും അകറ്റിനിർത്തപ്പെട്ട ജാതികളെയാണ് സൂചിപ്പിക്കുന്നത്. സ്വന്തമായ സംസ്കാരവും പാരമ്പര്യവും ജീവിതരീതിയുമുള്ള ഒരു സമൂഹത്തെയാണ് ദലിത് ചൂണ്ടികാണിക്കുന്നത്. പറയർ, പുലയർ, അവർണ്ണർ, പഞ്ചമർ എന്നീ പേരുകളിൽ അവർ അറിയപ്പെട്ടിരുന്നു. ഇന്നും പലയിടങ്ങളിലും ദലിതർ വർണ്ണവിവേചനം നേരിടുന്ന. കേരളത്തിലും ഈ സ്ഥിതിയിൽ മാറ്റമുണ്ടായിട്ടില്ല

### 1.1 ദലിതർ : പരികല്പന

സമൂഹത്തിൽ അരികുവത്ക്കരിക്കപ്പെടുന്ന ഒരു ജനതയാണ് 'ദലിതർ'. ജാതിയുടെപേരിലും നിറത്തിന്റെപേരിലും അവർ ധാരാളം അവഗണനകൾ നേരിടുന്നു'ദലിത്"എന്നപദം പ്രചാരത്തിൽ വന്നത് 1970 കളുടെ ആദ്യത്തിൽ മഹാരാഷ്ട്രയിൽ രൂപംകൊണ്ട ദലിത് പാന്തർ പ്രസ്ഥാനത്തിലൂടെയാണ്. അതിനു മുമ്പുതന്നെ അധഃസ്ഥിതജനവിഭാഗങ്ങളെ സൂചിപ്പിക്കുന്നതിനായി ദലിതെന്നപദം മഹാരാഷ്ട്രത്തിൽ ഉപയോഗിച്ചിരുന്നു. അടിച്ചമർത്തപ്പെട്ട എന്നതാണ് 'ദലിത്" എന്ന പദത്തിന്റെ വാച്യാർത്ഥം'[1]

മറാത്തി സാമൂഹിക പരിഷ്കർത്താവും വിപ്ലവകാരിയുമായ ജ്യോതിറാവു ഫൂലെയാണ് 'ദലിത്" എന്നപദം ആദ്യമായി ഉപയോഗിക്കുന്നത്. 19ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ബി.ആർ. അബേദ്ക്കറുടെ കാലത്താണ് 'ദലിത്" എന്നപദത്തിന് കൂടുതൽ പ്രചാരം ലഭിക്കുന്നത്. അടിച്ചമർത്തപ്പെട്ടവർ, ജാതിവ്യവസ്ഥയ്ക്ക് പുറത്തു നില്ക്കുന്നതും തൊട്ടു കൂടായ്മ, തീണ്ടികൂടായ്മ എന്നിവ അനുസരിക്കേണ്ട ജനവിഭാഗങ്ങളെയുമാണ് ഫൂലെ 'ദലിത്"എന്ന് വിളിച്ചത്.

സംസ്കൃതപദത്തിൽനിന്നാണ് ' ദലിത് ' എന്ന പദത്തിന്റെ ഉത്ഭവം. ചിതറിയ, മുറിഞ്ഞ എന്നതാണ് ദലിത് എന്ന പദത്തിന്റെ അർത്ഥം. അടിച്ചമർത്തപ്പെട്ടവരെയാണ് ദലിത് എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. എന്നാൽ ഹൈന്ദവ ജാതിവ്യവസ്ഥയനുസരിച്ച് ഒരു വർണവും ഇല്ലാത്തവരെയാണ് ദലിതർ എന്ന് വിളിക്കുന്നത്.

## 1.2 ദലിതർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ദലിതർ നേരിടുന്ന പ്രശ്നങ്ങളെ പരാശ്രിതാവസ്ഥയെന്നോ അധികാരരഹിതാവസ്ഥയെന്നോ പറയാം. സാമ്പത്തികം, വിദ്യാഭ്യാസം, നിയമം, മതം, സംസ്കാരം തുടങ്ങി സാമൂഹികജീവിതത്തിന്റെ ഒരു മേഖലയിലും അവർക്ക് സ്വയം പര്യാപ്തതനേടാൻ കഴിഞ്ഞിട്ടില്ല. ജീവിതത്തിന്റെ എല്ലാ തുറകളിലും പരാശ്രയത്വത്തിന്റെ അർത്ഥവും അനുഭവങ്ങളും നിരന്തരമായി പേറുന്നുവെന്നതാണ് ദലിതർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം . പരാശ്രിതജനതയ്ക്ക് ഒരിക്കലും സ്വാതന്ത്ര്യത്തിന്റെ സ്വച്ഛത അനുഭവിക്കാനാവുന്നില്ല .

'സംവരണം ഒരു സാമുദായിക രാഷ്ട്രീയ പ്രതിനിധാനമായി വിലയിരുത്തപ്പെടാതിരുന്നതിനാൽ, ദലിതർ ഒരു സമുദായമെന്നതിനുപരി, വർഗ്ഗമാണെന്ന പ്രതീതിയാണ് സൃഷ്ടിക്കപ്പെട്ടത്. ഇപ്രകാരമുള്ള വർഗ്ഗവത്ക്കരണത്തിലൂടെ നിഷേധിക്കപ്പെട്ടത് ദലിതരുടെ തൊഴിൽവിഭജനം, സ്വത്തുടമസ്ഥത, വിദ്യാഭ്യാസാവസ്ഥ എന്നിവയായിരുന്നു. സാമുദായികതയിൽനിന്നുള്ള ഈ ബന്ധവിച്ഛേദനം, ദലിതരുടെ സാമ്പത്തിക തൊഴിൽ സാമൂഹിക ശ്രേണികളുടെ അവകാശ നിർണ്ണയം അസാദ്ധ്യമാക്കുകയായിരുന്നു.'[2]

'നിവർത്തനപ്രക്ഷോഭ'ത്തിലൂടെ സാമുദായികരാഷ്ട്രീയ പ്രാതിനിധ്യം കൈവരിച്ച ദലിതേതര സമുദായങ്ങൾ, വർഗ്ഗമെന്ന പരികല്പനയ്ക്കുള്ളിൽതന്നെ സാമുദായിക സംഘടനകളായ എൻ.എസ്.എസ് , എസ്.എൻ.ഡി.പി,ക്രൈസ്തവസഭ എന്നിവയിലൂടെയും ഭരണകൂടത്തിൽ സ്വാധീനം ചെലുത്തി.ഒരുവശത്ത് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സാമ്പത്തിക പരിഷ്കാരങ്ങൾക്കുവേണ്ടി വാദിച്ചപ്പോൾ മറുവശത്ത് സാമുദായിക സ്വത്തുടമസ്ഥതയേയും അവകാശങ്ങളെയും സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരായി. ദലിതർക്കും ആദിവാസികൾക്കും ഭൂവുടമസ്ഥതയിൽ നേരിടേണ്ടിവന്ന പ്രശ്നങ്ങളാണ് ഇതരമേഖലകളിലും അനുഭവിക്കേണ്ടിവന്നത്. സാമൂഹ്യനവോത്ഥാന ഘട്ടത്തിൽ ജാതിതൊഴിലുകളെ ചെറുകിട വ്യവസായങ്ങളാക്കി മാറ്റണമെന്ന നിർദ്ദേശം ദലിത് നേതൃത്വത്തിൽ നിന്നുമുണ്ടായി . ദലിതേതര സമുദായങ്ങളുടെ തൊഴിലുകൾ പരമ്പരാഗത വ്യവസായമെന്നനിലയിൽ പരിഗണിക്കപ്പെടുകയും ചെയ്തു. ഭൂവുടമസ്ഥതയിൽ നിന്നും പരമ്പരാഗത വ്യവസായത്തിൽനിന്നും മാറ്റിനിർത്തപ്പെട്ടവരെല്ലാം കാർഷിക കൈവേലക്കാരാകാൻ നിർബന്ധിക്കപ്പെടുകയും ചെയ്തു.

'1960 കളുടെ അവസാനം കേരളത്തിന്റെ കാർഷിക മേഖലയിൽ സി.പി.എമ്മിന്റെ നേതൃത്വത്തിലാരംഭിച്ച കർഷകത്തൊഴിലാളി സമരവും, സി.പി.ഐ ആഹ്വാനം ചെയ്ത നക്സൽബാരി കലാപമാതൃകയിലുള്ള ദരിദ്രഭൂരഹിതകർഷകരുടെ കാർഷികവിപ്ലവവുമാണ് ദലിതുകളെ ഉൾക്കൊണ്ട രാഷ്ട്രീയമുന്നേറ്റങ്ങൾ.'[3]

എന്നാൽ ഇത്തരം സമരങ്ങൾകൊണ്ട് ദലിതരുടെ സാമ്പത്തിക സാമൂഹ്യാവസ്ഥയെ മെച്ചപ്പെടുത്താനോ ഒരു സമുദായമെന്ന രീതിയിൽ അവരെ ഉയർത്താനോ കഴിഞ്ഞില്ല എന്ന തിരിച്ചറിവിൽനിന്നാണ് ദലിത് പ്രസ്ഥാനങ്ങളുടെ രൂപപ്പെടൽ. മാർക്സിസത്തെ പ്രത്യയശാസ്ത്രമായി അംഗീകരിച്ച ഇത്തരം പ്രസ്ഥാനങ്ങൾ ഏതെങ്കിലും കമ്മ്യൂണിസ്റ്റു പാർട്ടികളുടെ ഉപഘടകമാകാതെ വർഗ്ഗസമരത്തെ ജാതിവിരുദ്ധസമരവുമായി സംയോജിപ്പിക്കണമെന്ന നിലപാടാണ് സ്വീകരിച്ചത്. ഇതിന്റെ ഫലമായി സംവരണസംരക്ഷണം, ഭൂപരിഷ്ക്കരണം, തൊഴിലവകാശങ്ങൾ എന്നിവയ്ക്കായി നിരവധി പ്രക്ഷോഭങ്ങൾ നടന്നു. ഇപ്രകാരം ദലിതർ ഉയർത്തിയ ആവശ്യങ്ങളോടും പ്രക്ഷോഭങ്ങളോടും കമ്മ്യൂണിസ്റ്റ് പാർട്ടികൾ എതിർപ്പും അവഗണനയുമാണ് കാണിച്ചത്.

പിന്നീട് ദലിത് സമുദായവാദവും സാമുദായിക രാഷ്ട്രീയവുമെന്ന കാഴ്ചപ്പാടുകൾ രൂപംകൊണ്ടു. ഈ കാഴ്ചപ്പാടുകളാണ് വർത്തമാനകാലത്ത് ദലിതരുടെ വ്യതിരിക്തമായ സ്വത്വാവിഷ്ക്കാരത്തിന് സഹായമായത്. ദേശീയത, വികസനം, സ്ത്രീകളുടെ ലിംഗപദവി, സംസ്കാരം, ആഗോളവത്ക്കരണം,ഉദാരവത്ക്കരണം എന്നിവയെക്കുറിച്ചെല്ലാം വ്യത്യസ്ത പാഠവത്ക്കരണം നടത്താൻ ദലിതർക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ ഈ ആശയങ്ങളെ സമാഹരിച്ച് ഒരു രാഷ്ട്രീയ ദിശാബോധവും പ്രസ്ഥാനവും വളർത്തിയെടുക്കാൻ സാധിച്ചിട്ടില്ലായെന്നതാണ് ദലിതർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നവും വെല്ലുവിളികളും.

കേരളത്തിൽ ദലിത്ക്രിസ്ത്യാനികളിൽ ഏറ്റവും സങ്കീർണതയുടെ ചരിത്രം പറയാനുള്ളത് മധ്യകേരളത്തിലെ ദലിതർക്കാണ്. വ്യത്യസ്തങ്ങളായ ക്രിസ്തീയപ്രസ്ഥാനങ്ങൾ, അംഗബലത്തിൽ മുന്നിലുണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികൾ, സ്വയം പ്രഖ്യാപിത ഹിന്ദുരാഷ്ട്രം എന്ന നിലയിലുള്ള തിരുവിതാംകൂർ സർക്കാരിന്റെ നടപടികൾ തുടങ്ങി വിവിധ കാരണങ്ങളാൽ തെക്കൻകേരളത്തിലെ ദലിത് ക്രൈസ്തവർ കുറേയധികം പ്രതിസന്ധികൾ നേരിട്ടിരുന്നു. സഭയ്ക്കുള്ളിലും സർക്കാർ തലത്തിലും നേരിടേണ്ടിവന്ന അവഗണനയുടെ ചരിത്രമാണ് തിരുവിതാംകൂർ രാജ്യത്തെ ദലിതർക്ക് പറയാനുള്ളത്. പ്രജാസഭ സ്ഥാപിതമായതിനുശേഷമാണ് സർക്കാർത്തലത്തിൽ ദലിത് ക്രൈസ്തവരോടുള്ള വിവേചനപരമായ നടപടികൾ

ആരംഭിക്കുന്നത്. ഇത്തരം വിവേചനങ്ങൾ വിദ്യാഭ്യാസമേഖലയിലാണ് ഏറ്റവുമധികം പ്രതിഫലിച്ചത്

## 1.3 ദലിത് ക്രൈസ്തവർ

ജാതിക്കുള്ളിൽ നിലനിന്നിരുന്ന അവഗണനകൾ ഒരുവിഭാഗം ദലിതരെ മത പരിവർത്തനത്തിന് ഇടയാക്കി. മതപരിവർത്തനത്തിലൂടെ ക്രിസ്തുമതം സ്വീകരിച്ച വർ 'ദലിത് ക്രൈസ്തവർ' എന്ന് അറിയപ്പെട്ടു. 'ക്രിസ്തുമതത്തിലേക്ക് പരിവർ ത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു വിഭാഗം ആളുകളെ വിശേഷിപ്പിക്കുന്ന പേരാണ് ദലിത് ക്രിസ്ത്യാനികൾ എന്നത്'.[4] ഹിന്ദുമതത്തിൽ നില നിന്ന അനാചാരങ്ങൾക്കും തീണ്ടലിനും എതിരേ കലഹിച്ച ഒരുവിഭാഗം ജനത ക്രിസ്തുമതത്തിൽ ആകൃഷ്ടരാവുകയും അങ്ങനെ അവർ ക്രിസ്തുമതം സ്വീകരി ക്കുകയും ചെയ്തു. എന്നാൽ ഹിന്ദുമതത്തിൽ നിലനിന്ന സമാനമായ വിവേചന ങ്ങൾ മതപരിവർത്തനത്തിന് ശേഷവും ആ ജനവിഭാഗത്തിന് നേരിടേണ്ടിവന്നു.

അവശക്രൈസ്തവർ, മാർഗ്ഗവാസി, പരിവർത്തിത ക്രൈസ്തവർ, ജാതിപേര് കൂട്ടിയുള്ള ക്രിസ്ത്യാനികൾ എന്നീ പേരുകളിൽ ദലിത്ക്രിസ്ത്യാനികൾ അറിയപ്പെട്ടി രുന്നു. പറയർ, പുലയർ തുടങ്ങി അയിത്തം നിലനിന്നിരുന്ന ജാതിക്കാർക്ക് ക്രിസ്തുമതം സ്വീകരിച്ചാൽ അവരുടെ അയിത്തം മാറുമെന്ന വിശ്വാസവും ഈ മത പരിവർത്തനത്തിന് പിന്നിൽ നിലനിന്നിരുന്നു.

ബ്രിട്ടീഷ് മിഷനറി പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി പത്തൊൻ പതാം നൂറ്റാണ്ടിന്റെ മധ്യഭാഗം മുതൽ വ്യത്യസ്ത ജാതിയിലുള്ള ജനങ്ങൾ ക്രിസ്തു മതം സ്വീകരിക്കുകയുണ്ടായി. തദ്ദേശീയ ക്രിസ്ത്യൻ സഭകളായ കത്തോലിക്ക, മാർത്തോമ തുടങ്ങിയ സഭകളിലേക്കും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ ഓർത്തഡോക്സ് സഭയിലേക്ക് വിവിധ സമുദായ അംഗങ്ങൾ മതപരിവർ ത്തനം നടത്തുകയുണ്ടായി.പത്തോളം സമുദായങ്ങൾ മതപരിവർത്തനം നട ത്തിയെങ്കിലും ഈഴവ, ആശാരി, നായർ തുടങ്ങിയ ജാതിക്കാർക്ക് മാത്രമാണ് സുറി യാനി ക്രിസ്ത്യാനികളുമായി സംയോജനം സാധ്യമായത്. പിന്നോക്ക ജാതിക്കാർ നാടാർ ക്രിസ്ത്യാനി, ദലിത് ക്രിസ്ത്യാനി എന്നീ പേരുകളിൽ അറിയപ്പെട്ടു.

'ഇന്ത്യയിൽ സവർണ്ണ ഹിന്ദുക്കൾ ക്രൈസ്തവരെയും ദലിത് ക്രൈസ്ത വരെയും ആക്രമിച്ചിട്ടുള്ളത് അയിത്തത്തിന്റെ പേരിലല്ല; മറിച്ച് മതപരിവർത്തനത്തി ലൂടെ സൃഷ്ടിക്കപ്പെടുന്ന ന്യൂനീകരണത്തിന്റെ പേരിലാണ് .കേരളത്തിൽ നടന്നി ട്ടുള്ള അതിക്രമങ്ങൾക്കും ഇതേ അടിസ്ഥാനമാണ് ഉള്ളത് .അതേസമയം , ഹിന്ദുമത

ത്തിന്റേതിൽ നിന്നും ഭിന്നമായി ക്രിസ്തുമതത്തിന്റെ മതവിജ്ഞാനം സാമൂഹ്യവിഭജനം അംഗീകരിക്കുന്നില്ലെന്ന് മാത്രമല്ല ,വിശ്വാസികളുടെ തുല്യത അംഗീകരിക്കുകയും ചെയ്യുന്നുണ്ട് '.[5] ക്രിസ്തുമതത്തിന്റെ ഇത്തരം സവിശേഷതകളാണ് ദലിത് ക്രൈസ്തവർക്ക് സംവരണം നൽകാൻ വഴിയൊരുക്കിയത്.

## 1.4 ദലിത് ക്രൈസ്തവരുടെ തിരിച്ചുവരവ്

ഏറെ സങ്കീർണവും വൈവിധ്യപൂർണ്ണവുമായ അനുഭവങ്ങൾകൊണ്ട് ഇന്നും അരികുവൽക്കരിക്കപ്പെടുന്ന വിഭാഗമാണ് ദിലിത് ക്രൈസ്തവർ . 1980കളിലെ ദലിത് ലിബറേഷൻ മൂവ്മെന്റുകളും ദലിത് ദൈവശാസ്ത്ര ചിന്തകളുടെ ആവശ്യകതയെക്കുറിച്ചുള്ള വാദങ്ങളുമെല്ലാം ദലിത് ക്രൈസ്തവരുടെ സ്വത്വ രൂപീകരണത്തിന് ഒരു പരിധിവരെ മുഖ്യധാര സമൂഹത്തിന്റെ പ്രശ്നങ്ങളെ പ്രതിനിധാനം ചെയ്യുവാൻ സാധിച്ചിട്ടില്ല. കീഴാളരും അടിമകളുമായിരുന്ന ഒരു ജനവിഭാഗത്തെ മതപരിവർത്തത്തിലൂടെ ക്രിസ്തീയ ജീവിതത്തിലേക്ക് ഇണക്കിച്ചേർക്കുവാനുള്ള ശ്രമങ്ങൾ ക്രൈസ്തവ സഭകളിൽ പലപ്പോഴായി നടന്നിട്ടുണ്ട്. എന്നാൽ അവശക്രിസ്ത്യാനിയെന്നും, പുതുക്രിസ്ത്യാനിയെന്നും, പുലയ ക്രിസ്ത്യാനിയെന്നുമൊക്കെ ലേബലു ചെയ്തുകൊണ്ടുള്ള വർഗ്ഗീകരണം മാത്രമാണ് നടന്നത്.

ഐക്യകേരള സംസ്ഥാനം രൂപംകൊണ്ടതുമുതൽ സമരം ആരംഭിച്ച ഏകവിഭാഗമാണ് കേരളത്തിലെ ദലിത്ക്രൈസ്തവർ. സ്വതന്ത്രമായി ഒരു മതം സ്വീകരിച്ചു എന്ന കാരണം കൊണ്ട്മാത്രം കേന്ദ്രസംസ്ഥാന സർക്കാർ അവർക്ക് അർഹമായ നിയമപരിരക്ഷയും ആനുകൂല്യങ്ങളും പൂർണ്ണമായും നിഷേധിച്ചു. എന്നാൽ ദലിതരോടൊപ്പം ക്രിസ്തുമതം സ്വീകരിച്ച ആദിവാസി വിഭാഗങ്ങൾക്ക് ഇത്തരത്തി ലുള്ള വിവേചനങ്ങൾ നേരിടേണ്ടതായി വന്നില്ല. എന്നാൽ കേരളത്തിലെ ദലിത് ക്രിസ്ത്യാനികൾക്ക് സഭയിൽനിന്നും സർക്കാരിൽനിന്നും ഒരുപോലെ വിവേചനം നേരിട്ടിരുന്നു.

'1949നവംബർ മാസം കവിയൂർ കെ.സി.തോമസ് എന്ന ദലിത് ക്രിസ്ത്യാനി സ്വദേശത്തുള്ള കവിയൂർ മഹാദേവക്ഷേത്രത്തിൽ ദർശനം നടത്തുകയും, കവിയൂർ കെ.സി.രാജ് എന്ന പുതിയപേര് സ്വീകരിക്കുകയും ചെയ്തു. 1949 നവംബർ 11, 12 തീയതികളിലായി കെ.സി.രാജിന്റെ നേതൃത്വത്തിൽ 2124 ദലിത് ക്രിസ്ത്യാനികൾ കവിയൂർ മഹാദേവക്ഷേത്രത്തിൽ ദർശനം നടത്തി പട്ടികജാതിക്കാരായി മാറുകയും ചെയ്തു.ടി. ടി. സി. പാസ്സായ അദ്ദേഹം മധ്യകേരളത്തിലെ വിവിധ സി.എം.എസ് സ്കൂളുകളിൽ ഇരുപതുവർഷം അധ്യാപകനായി ജോലി ചെയ്തു.

സഭയിൽനിന്നും നേരിട്ട ജാതിവിവേചനം കാരണമാണ് കെ.സി.തോമസ് കെ.സി.രാജായി മാറുന്നത്.'[6]

## 1.5 ദലിത്സാഹിത്യം മലയാളത്തിൽ

സമൂഹത്തിന്റെ വിവിധ മേഖലകളിൽനിന്ന് അകറ്റിനിർത്തപ്പെട്ടവരാണ് ദലിതർ. അവർ തങ്ങളുടെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ദലിത് സാഹിത്യത്തിലൂടെ പറഞ്ഞുവയ്ക്കുന്നു. ഹൈന്ദവവിഭാഗത്തിൽതന്നെ ഏറെ താഴ്ന്ന ജാതിക്കാരെയാണ് 'ദലിതർ' എന്ന് പറയുന്നത്. ജാതിയിൽ നിലനിന്ന വേർതിരിവ് ദലിതരെ മതപരിവർത്തനത്തിന് ഇടയാക്കുന്നു. മതപരിവർത്തനത്തിലൂടെ ക്രിസ്തുമതം സ്വീകരിച്ചെങ്കിലും അവർ ദലിത് ക്രൈസ്തവർ എന്ന് അറിയപ്പെടുന്നു. അതിനാൽ ദലിത് സാഹിത്യത്തിന്റെ ഉൾപ്പിരുവിൽ ദലിത് ക്രൈസ്തവ സാഹിത്യവും ഉൾപ്പെടുന്നു.

'അധഃസ്ഥിതരെന്ന് കരുതിപ്പോരുന്ന പ്രത്യേക ജനവിഭാഗത്തിന്റെ സാഹിത്യമാണ് ദലിത് സാഹിത്യം. സമകാല രാഷ്ട്രീയത്തിലും ദേശീയതയിലും വളരെ പ്രസക്തമായ ഒരു പദമാണിത്. അധീശവർഗം ചവിട്ടിത്താഴ്ത്തിയ ജനവിഭാഗത്തിന്റെ മോചനം സ്വാതന്ത്ര്യസമരത്തിലെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ഈ കീഴാളവർഗ്ഗത്തിന് 'ഹരിജൻ 'എന്ന പേരുനൽകി ആ ജനവിഭാഗത്തെ ജാതിപ്പേരുകളിൽ നിന്ന് മോചിപ്പിച്ച് സാമൂഹികമായി ഉയർത്താൻ ഗാന്ധിജി ശ്രമിച്ചു. 1972 ൽ ബോംബെ കേന്ദ്രമായി (മഹാരാഷ്ട്ര ) ദലിത് പാന്തേഴ്സ്പ്രസ്ഥാനം രൂപംകൊണ്ടു. ദലിതരുടെ സാർവത്രികമായ സ്വാതന്ത്ര്യവും വിമോചനവുമാണ് പ്രസ്ഥാനത്തിന്റെ പ്രവർത്തന ലക്ഷ്യം. ഇതിനോടനുബന്ധിച്ചാണ് ദലിത് സാഹിത്യപ്രസ്ഥാനത്തിന്റെ ആവിർഭാവം.'[7] അയിത്തം, സാമൂഹിക സാമ്പത്തിക അസമത്വം, ജാതീയത, അശാസ്ത്രീയവും ആയുക്തികവുമായ മതവിശ്വാസം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഹൈന്ദവ സാമൂഹികസംവിധാനം പാടെ തിരസ്കരിക്കുന്നതിന് വേണ്ടിയാണ് ദലിത്പ്രസ്ഥാനം നിലകൊണ്ടത് .

'ദലനം ചെയ്യപ്പെട്ടത് (മുറിച്ച് മാറ്റപ്പെട്ടത് ) എന്ന അർത്ഥത്തിൽ സമൂഹശരീരത്തിൽനിന്നു വിച്ഛേദിക്കപ്പെട്ട ഒരു ജനവിഭാഗം തങ്ങളുടെ സ്വത്വബോധവും പ്രതിഷേധവും രേഖപ്പെടുത്തുന്നതാണ് ദലിത്സാഹിത്യം'[8]. സമൂഹത്തിൽ അരികുവത്ക്കരിക്കപ്പെട്ട ആളുകളുടെ തിളയ്ക്കുന്ന അലങ്കാരരഹിതമായ പുരുഷപദങ്ങളാൽ രൂപപ്പെടുന്ന പ്രതിഷേധത്തിന്റെ യാഥാസ്ഥിക മൂല്യനിരാസത്തിന്റെയും ഉണർവി

ന്റെയും ഉയർത്തെഴുന്നേൽപ്പിന്റെയും സാഹിത്യമാണ് ദലിത് സാഹിത്യം. പാരമ്പര്യ വാദികൾ താലോലിച്ചിരുന്ന സാഹിത്യ സങ്കല്പങ്ങളെ ചോദ്യംചെയ്യുന്ന ദലിത് സാഹിത്യം ഇന്ന് ഭാരതീയ സാഹിത്യത്തിലെ പുതുമയും ശക്തിയുമുള്ള ഒരു ശാഖ യായി മാറിക്കഴിഞ്ഞു.

ദലിത് സാഹിത്യം ഒരു പ്രത്യേക സാഹിത്യപ്രസ്ഥാനമായി വളർന്നിരി ക്കുന്നു .മറാഠി ഭാഷയിലാണ് പ്രസ്ഥാനത്തിന്റെ ആവിർഭാവം. ദലിത് സാഹി ത്യത്തെക്കുറിച്ചുള്ള അവബോധം മലയാളത്തിലും ഉണ്ടായിട്ടുണ്ട്.അധ:സ്ഥിത ജനവി ഭാഗത്തിന്റെ , സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവരുടെ ജീവിതം ആ വിഭാഗ ത്തിൽപ്പെട്ടവർതന്നെ ആവിഷ്കരിക്കുന്നതാണ് ദലിത് സാഹിത്യം . താനുൾപ്പെടുന്ന സമൂഹത്തിന്റെ പരിവർത്തനമാണ് എഴുത്തുകാരന്റെ ലക്ഷ്യം.തന്റെ വർഗ്ഗത്തിന്റെ മോചനത്തിനായി എഴുത്തുകാരൻ സാഹിത്യസൃഷ്ടി നടത്തുന്നു. ഈ ലക്ഷ്യം മുന്നിൽകണ്ട് ദലിത് വിഭാഗത്തിൽ പെടാത്ത ഒരാൾ എഴുതുന്ന സാഹിത്യം ദലിത് സാഹിത്യം ആകുന്നില്ല.

പൊതുസമൂഹത്തിന്റെ വിവിധ മേഖലകളിൽനിന്നും മനപ്പൂർവ്വം അകറ്റി നിർത്തപ്പെട്ടവരുടെ സാഹിത്യമാണ് ദലിത് സാഹിത്യം. മനുഷ്യൻ നിറത്തിന്റെ പേരിൽ പലയിടത്തും അവഗണിക്കപ്പെടുന്നു.ഇത്തരം സാഹചര്യങ്ങളാണ് ദലിത് സാഹിത്യം ശക്തി പ്രാപിക്കാൻ ഇടയാക്കിയത് .മറാത്തി സാഹിത്യത്തിൽനിന്നാണ് ദലിത് സാഹിത്യം ഉടലെടുക്കുന്നതും ശക്തിപ്രാപിക്കുന്നതും.ദലിത് ജീവിതത്തിന്റെ യാഥാർത്ഥ്യം പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുവാനുള്ള ശക്തമായ മാധ്യമമാണ് സാഹിത്യം അഥവാ എഴുത്ത് . അവഗണിക്കപ്പെടുന്നവന്റെ സാഹിത്യ മാണ് ദലിത് സാഹിത്യം.ഒരു സമൂഹത്തെ മുഴുവൻ മുന്നിൽ കണ്ടുകൊണ്ടുള്ള എഴു ത്താണ് സാഹിത്യകാരന്മാർ നടത്തുന്നത് .സമൂഹത്തിന്റെ പരിവർത്തനമായിരുന്നു സാഹിത്യത്തിന്റെ പ്രധാന ലക്ഷ്യം . തങ്ങളനുഭവിക്കുന്ന അവഗണനകൾ, ചൂഷണം, അനീതി,ദാരിദ്ര്യം,വിശപ്പ് ഇവയെല്ലാം ദലിത് സാഹിത്യത്തിലൂടെ പങ്കുവയ്ക്കുന്നു .

ദലിത് സാഹിത്യത്തിന്റെ സ്വാധീനം മലയാളസാഹിത്യത്തിലും കടന്നുവ ന്നിട്ടുണ്ട്. ആദ്യമായി ദലിത് സാഹിത്യം സാഹിത്യശാഖയായ കവിതയിലാണ് പ്രത്യ ക്ഷപ്പെടുന്നത്. തിരുനിഴൽമാലയിലാണ് ആദ്യമായി ദലിത് സാന്നിദ്ധ്യം കാണാനാവു ന്നത് എന്ന് പറയപ്പെടുന്നു. മലയാള കവിത ചരിത്രത്തിൽ വളരെ ശ്രദ്ധേയനായ വ്യക്തിയാണ് കെ.പി.കറുപ്പൻ.അദ്ദേഹത്തിന്റെ 'ജാതിക്കുമ്മി'എന്ന കവിതയിലൂടെ യാണ് ജാതിവിരുദ്ധ ആശയം ആദ്യമായി മലയാള കവിതയിൽ കടന്നുവരുന്നത്. 'ഉദ്യാന വിരുന്ന് ', 'പുലയന്റെ ദീനരോദനം 'എന്നീ കവിതകളും ജാതിയെ പ്രതി

രോധിക്കുന്നവയാണ്. കുമാരനാശാന്റെ കൃതികളിൽ പ്രധാനമായും ജാതീയമായ അനാചാരങ്ങളെ ചൂണ്ടിക്കാണിക്കുന്നു.'സിംഹനാദം ', 'ദുരവസ്ഥ'എന്നിവ അതിന് ഉത്തമ ഉദാഹരണമാണ്.ചങ്ങമ്പുഴ 1937ൽ പ്രസിദ്ധീകരിച്ച 'വാഴക്കുല'എന്ന കൃതി പുലയജീവിതത്തിന്റെ നിസ്സഹായതയെ പറഞ്ഞുവെക്കുന്നു .1996ൽ പുറത്തിറങ്ങിയ ദലിത്കവിത,2000പ്രസിദ്ധീകരിച്ച കറുത്ത കല്ല്, 2005ൽ പുറത്തിറങ്ങിയ കാണുന്നില്ലോരക്ഷരവും എന്നീ കൃതികളും ദലിത് രചനകളിൽ പ്രാധാന്യമുള്ളവയാണ്.

ആദ്യകാല ചെറുകഥകളിലും ദലിത് പരിപ്രേഷ്യം കടന്നുവരുന്നുണ്ട് .എങ്കിലും അവയ്ക്ക് അത്ര പ്രാധാന്യം ലഭിച്ചിരുന്നില്ല. പിന്നീട് തകഴിയുടെ കൃതികളോടുകൂടിയാണ് ഈ സ്ഥിതിക്ക് മാറ്റമുണ്ടാകുന്നത് .അദ്ദേഹത്തിന്റെ 'വെള്ളപ്പൊക്കത്തിൽ ' എന്ന കഥ ഏറെ പ്രാധാന്യം അർഹിക്കുന്നു .എസ് . കെ പൊറ്റക്കാടിന്റെ കഥകളിലും ദലിത് ആവിഷ്കാരങ്ങൾ കടന്നുവരുന്നു .'വിപ്ലവബീജം', 'മല്ലികാദേവി 'എന്നീ കഥകൾ ശ്രദ്ധേയമാണ് .പൊൻകുന്നം വർക്കിയുടെ ചാത്തന്റെ മകൾ , തേക്ക്പാട്ട്, അന്നത്തെ കൂലി, ഒരുപിടി മണ്ണ് ,ലളിതാംബിക അന്തർജ്ജനത്തിന്റെ കാട്ടുപൂവ് ഇവയിലെല്ലാം ദലിതന്റെ അവസ്ഥകളെയും പ്രശ്നങ്ങളെയും അവതരിപ്പിക്കുന്നു.

മലയാള സാഹിത്യ ശാഖയായ നോവലിലും തുടക്കം മുതൽതന്നെ ദലിത് സാന്നിധ്യം പറഞ്ഞുവെക്കുന്നു. ആദ്യ നോവൽ എന്ന് വിശേഷിപ്പിക്കുന്ന 'ഘാതക വധ'ത്തിൽ ദലിത് പ്രതിസന്ധികളെ ചർച്ച ചെയ്യുന്നു .പോത്തേരി കുഞ്ഞമ്പു 1892 ൽ പ്രസിദ്ധീകരിച്ച ' സരസ്വതിവിജയവും ' ഒരു കീഴാളപക്ഷ കഥയാണ് പങ്കുവയ്ക്കുന്നത് .എന്നാൽ ടി .കെ . സി വടുതലയുടെ 1960ൽ പ്രസിദ്ധീകരിച്ച 'കറ്റയും കൊയ്ത്തു'മാണ് മലയാളത്തിലെ ആദ്യ ദലിത് നോവലായി പരിഗണിക്കപ്പെടുന്നത്. അതിനുശേഷം പോൾ ചിറക്കരോട് പ്രസിദ്ധീകരിച്ച 'പുലയത്തറ'യാണ് രണ്ടാമത്തെ ദലിത് നോവൽ എന്ന് അറിയപ്പെടുന്നത്. തകഴിയുടെ 'രണ്ടിടങ്ങഴി' എന്ന നോവലിലും കീഴാള പ്രതിസന്ധികൾ ചർച്ചചെയ്യുന്നത് കാണാം. ഈ നോവലിന് ഇന്നും ഏറെ പ്രസക്തി നിലനിൽക്കുന്നു. എന്നാൽ ദലിത് എന്ന്മുദ്ര ചാർത്തപ്പെട്ട 'കറ്റയും കൊയ്ത്തും ', 'പുലയത്തറ 'എന്നീ നോവലുകൾക്ക് വലിയ പ്രാധാന്യം നൽകിയിരുന്നില്ല .ദലിത് ജീവിതങ്ങളെ ആവിഷ്കരിക്കുന്നതോടൊപ്പം ദലിത് ക്രൈസ്തവരുടെ പ്രതിസന്ധികളെയും പോൾ ചിറക്കരോടിന്റെ 'പുലയത്തറ ',ബിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി 'എന്നീ നോവലുകളിൽ പറഞ്ഞുവെയ്ക്കുന്നു .

## കുറിപ്പുകൾ

1. കെ.സി പുരുഷോത്തമൻ , ദലിത് സാഹിത്യപ്രസ്ഥാനം, 2008, പുറം: 13

2.കെ.കെ. കൊച്ച്, ദലിത് നേർക്കാഴ്ചകൾ, 2013, പുറം: 109.

3.കെ.കെ. കൊച്ച്, ദലിത് നേർക്കാഴ്ചകൾ, 2013, പുറം: 112 .

4.ദളിത് ക്രിസ്ത്യാനി വിക്കിപീഡിയ, http://ml.m.wikipedia...

5.കെ.കെ. കൊച്ച്, ദലിത് നേർക്കാഴ്ചകൾ, 2013, പുറം: 119.

6.ദളിത് ചരിത്രത്തിൽനിന്ന് ദളിത് ക്രൈസ്തവർ വിട്ടുപോകുന്നതെങ്ങനെ, https://wtplive.in/...

7. എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, 1996, പുറം: 744.

8.ദലിത് സാഹിത്യം വിക്കിപീഡിയ, https://ml. m...

## അധ്യായം രണ്ട്

# ദലിത്ക്രൈസ്തവ

# ജീവിതാവിഷ്കാരം 'പുലയത്തറ'യിൽ

# അധ്യായം രണ്ട്

# ദലിത്ക്രൈസ്തവ ജീവിതാവിഷ്കാരം 'പുലയത്തറ'യിൽ

കേരളത്തിലെ അധസ്ഥിതജനതയുടെ ജീവിതാവസ്ഥകളെ സാഹിത്യലോകത്തിനു മുന്നിൽ തുറന്നു കാണിച്ച എഴുത്തുകാരനാണ് പോൾ ചിറക്കരോട്. ഇന്ത്യയിലെ ദലിത് പ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ ഒരാൾ എന്നനിലയിലും അദേഹം ശ്രദ്ധേയനാണ്.' ക്രിസ്തുമതത്തിലെ ദേശീയത' യാണ് അദ്ദേഹത്തിന്റെ കൃതികളിൽ കടന്നുവരുന്ന പ്രധാന പ്രമേയം. ഒരു പാസ്റ്ററുടെ മകൻ എന്ന നിലയിൽ 'മതം' അദ്ദേഹത്തിന്റെ ജീവിതത്തെ വ്യക്തമായി സ്വാധീനിക്കുന്നു. ദലിതരിൽനിന്ന് പരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികൾക്ക് തങ്ങളുടെ അവകാശങ്ങളെല്ലാം നഷ്ടപ്പെടുന്ന അവസ്ഥകളെ അദ്ദേഹം വ്യക്തമായി തിരിച്ചറിഞ്ഞിട്ടുണ്ട് . പോൾ ചിറക്കരോട് തനിക്കറിയാവുന്ന ദലിത് ക്രൈസ്തവ ജീവിതങ്ങളെ ആഴത്തിൽ പഠിച്ചും മനസ്സിലാക്കിയും അത്തരം യാഥാർത്ഥ്യങ്ങളെ കൃതികളിലൂടെ അവതരിപ്പിക്കുവാൻ ശ്രമിച്ചു. അത്തരത്തിൽ ദലിതരുടെ ജീവിതപ്രശ്നങ്ങളെ ആവിഷ്കരിക്കുന്ന നോവലാണ് 'പുലയത്തറ'.

## 2.1 നോവൽ പരിചയം

1962 ൽ പ്രസിദ്ധീകരിച്ച മലയാളത്തിലെ ആദ്യ ദലിത് ക്രൈസ്തവ നോവലാണ് പോൾ ചിറക്കരോടിന്റെ 'പുലയർത്തറ'. ദലിത് ക്രിസ്ത്യൻ എഴുത്തുകാരനായ പോൾ ചിറക്കരോട് തന്റെ സങ്കീർണമായ ജീവിതാനുഭവങ്ങളെ, ഒരു സമുദായത്തിന്റെ ഉള്ളടരുകളെ,അവരുടെ മാനസികവ്യാപാരങ്ങളെ ഏറ്റവും തന്മയത്വത്തോടെ മുഖ്യധാരാ സാഹിത്യത്തിനു മുൻപിൽ വരച്ചുകാട്ടുകയാണ് 'പുലയത്തറ 'യിൽ . നോവലിലെ കഥാപാത്രങ്ങളുടെ തലവര സാമൂഹിക കാരണങ്ങളാൽ ദുരിതപൂർണ്ണവും സങ്കീർണ്ണവും ആണെങ്കിലും നോവലിന്റെ കഥാസാരം ലളിതമാണ്. വെറും അടിമകളായിമാത്രം ജീവിക്കുന്ന ദലിതർ വേദനകളെയും നിസ്സഹായതയെയും മറികടക്കാനാണ് ക്രിസ്തുമതം സ്വീകരിക്കുന്നത് .പക്ഷേ പരമ്പരാഗതമായി ജാതീയ അടിമത്തം നിലനിന്നിരുന്ന ഒരു സമൂഹത്തിൽ മതം മാറികൊണ്ട് മറികടക്കാൻ കഴിയുന്ന ഒന്നായിരുന്നില്ല ജാതിനിലയും അടിമനിലയും .

സവർണ്ണ മേധാവികൾ കെട്ടിപ്പടുത്ത ഈശ്വരന്റെ മേൽവിലാസത്തിൽ നടപ്പാക്കിയ നീതിയെ ചോദ്യം ചെയ്യുന്നതാണ് നോവലിന്റെ പ്രമേയം. ഒരു നേരത്തെ വയറുനിറയ്ക്കാനും കയറിക്കിടക്കാൻ ഒരു കൂരയ്ക്കുവേണ്ടിയും മതം മാറിയും

മാറാതെയും ജീവിതസമരംനടത്തുന്ന നിഷ്കളങ്കരായ ഒരു ദലിത് വിഭാഗത്തിന്റെ കഥയാണിത്.മേലാളരാൽ ചൂഷണം ചെയ്യപ്പെട്ടിട്ടും അത് തിരിച്ചറിയാതെ തങ്ങളുടെ വിധിയെ നിസ്സംഗതയോടെ ഏറ്റുവാങ്ങുന്നവരുടെ ജീവിതകഥയെ ആവിഷ്കരിക്കുകയാണ് നോവൽ.

## 2.2 'പുലയത്തറ' നോവൽ ശീർഷകം.

അവഗണിക്കപ്പെടുന്ന ഒരു സമൂഹവിഭാഗമാണ് പുലയർ .മേലാളരുടെകീഴിൽ പണിയെടുക്കുന്ന അവർക്ക് സ്വന്തമെന്ന് പറയാൻ ഒരു കൂരപോലും ഇല്ലാത്ത അവസ്ഥയിൽ തമ്പുരാൻ നൽകുന്ന ഭൂമിയാണ് ഏക ആശ്രയം. ഏറെ താഴ്ത്തപ്പെട്ട എന്ന അർത്ഥത്തിലാണ് 'തറ'എന്ന് പ്രയോഗിക്കുന്നത്. അത്തരത്തിൽ പുലയന്മാർ താമസിക്കുന്ന ഇടത്തെ മേലാളർ തറ എന്ന് വിശേഷിപ്പിക്കുന്നു. സമൂഹത്തിൽ അത്രമേൽ അധഃപതിച്ചാണ് മേലാളർ അവരെ കണ്ടിരുന്നത്. 'പുലയത്തറ' എന്ന നോവലിലും കീഴാളന്റെ ഇടമായ അഞ്ചിൽതറയെ പരാമർശിക്കുന്നു. കീഴാളന്റെ ദയനീയസ്ഥിതിയെയും നോവലിൽ അവതരിപ്പിക്കുന്നു.

## 2.3 നോവൽ: ഇതിവൃത്തം

പകലന്തിയോളം നാരായണൻ നായരുടെ പാടത്ത് പണിയെടുക്കുന്ന കീഴാളനാണ് തേവൻ പുലയൻ. തേവൻ പുലയന്റെ ജീവിതത്തിൽനിന്നാണ് നോവലിന്റെ തുടക്കം. നാരായണൻ നായരുടെ വിശ്വസ്ത പണിക്കാരനാണ് തേവൻ പുലയൻ. തമ്പുരാനുവേണ്ടി എത്രയെല്ലാം കഷ്ടപ്പെട്ടിട്ടും കീഴാളന് ഒരിക്കലും അവനർഹിക്കുന്ന കൂലി ലഭിക്കുന്നില്ല. കീഴാളന് ഏറ്റുവാങ്ങേണ്ടിവരുന്ന അവഗണനകളും പ്രതിസന്ധികളും തേവൻപുലയന്റെ ജീവിതത്തിലും ധാരാളം കാണാം.

ഒരിക്കൽ തമ്പുരാൻ തേവൻപുലയനെയും മകൻ കണ്ടൻകോരനെയും അഞ്ചിൽ തറയിൽനിന്ന് ഇറക്കിവിടുന്നു. സ്വന്തം തറയിൽനിന്ന് ഇറങ്ങികൊടുക്കേണ്ടിവന്ന തേവനും മകനും പുതുക്രിസ്ത്യാനിയായ പത്രോസിന്റെ ഭവനത്തിൽ അഭയം തേടുന്നു. എന്നാൽ അധികനാൾ തേവനും മകനും അവിടെ കഴിയാനാകുന്നില്ല. അവരെ വീട്ടിൽ താമസിപ്പിച്ചതിൽ പത്രോസിനും പല ഭീഷണികളും നേരിടേണ്ടിവരുന്നു.അവസാനം പത്രോസിന്റെ ഭവനത്തിൽനിന്ന് തേവനും മകനും ഇറങ്ങിപ്പോകേണ്ടതായിവരുന്നു.എന്നാൽ പത്രോസിന്റെ മകൾ അന്നക്കിടാത്തിയും കണ്ടൻകോരനും തമ്മിൽ അകലാൻ ആവാത്തവിധം മനസ്സുകൊണ്ട് അടുക്കുന്നു. സ്വന്തമായി ഒരു കൂര പോലുമില്ലാത്ത കണ്ടൻകോരന് തന്റെ മകളെ വിവാഹം കഴിച്ചയയ്ക്കാൻ പത്രോസ് താൽപര്യപ്പെടുന്നില്ല .പക്ഷേ അന്നക്കിടാത്തിയെ ഉപേക്ഷിക്കുവാൻ കണ്ടൻകോരനും തയ്യാറാകുന്നില്ല. അങ്ങനെ അന്നക്കിടാ

ത്തിയെ സ്വന്തമാക്കുക എന്ന ലക്ഷ്യത്തോടെ കോരൻ പുതു ക്രിസ്ത്യാനിയാകാൻ തീരുമാനിക്കുന്നു. ഒടുവിൽ കോരൻ പുതുക്രിസ്ത്യാനി ആവുകയും പള്ളിത്തറ യിൽ അന്നക്കിടത്തിക്കൊപ്പം താമസിക്കുകയും ചെയ്തു.

പുതുതായി ക്രിസ്ത്യാനിയാവുന്നവർക്ക് സഭയ്ക്കുള്ളിലും ധാരാളം അവഗ ണനകൾ നേരിടേണ്ടിയിരുന്നു. ക്രൈസ്തവ സവർണ്ണർക്കിടയിലെ വേർതിരിവ് മന സ്സിലാക്കിയ പുതു ക്രിസ്ത്യാനികൾ ഒറ്റക്കെട്ടായി നിൽക്കുന്നു. അവർ ഒരുമിച്ച് ഒരു യോഗം കൂടാൻ തീരുമാനിക്കുന്നു .യോഗസ്ഥലത്ത്നിന്ന് ഉയരുന്ന ശബ്ദം പുതുതല മുറയുടെ ഉയർത്തെഴുന്നേൽപ്പിനെ സൂചിപ്പിക്കുന്നു . കണ്ടൻകോരന്റെയും അന്ന ക്കിടാത്തിയുടെയും ജീവിതത്തിലേക്ക് ഒരു കുഞ്ഞ് കടന്നുവരുന്നു. ആ കുഞ്ഞിനെകൂടി മേലാളരുടെ അടിമയാക്കാൻ കേരൻ തയ്യാറാകുന്നില്ല. പല പ്രതിസന്ധികളിലൂടെ തേവൻ കടന്നുപോകുമ്പോഴും ഒടുവിൽ പുതുതലമുറ ഇതെല്ലാം ചോദ്യം ചെയ്തേക്കാമെന്നും നോവലിൽ പറഞ്ഞുവെക്കുന്നു. പുതുതല മുറയുടെ ഉയിർത്തെഴുന്നേൽപ്പിനെ ഒരു സമരത്തിന്റെ തുടക്കമായി അവതരിപ്പി ച്ചുകൊണ്ടാണ് നോവൽ അവസാനിക്കുന്നത്.

## 2.4 നോവൽ: കഥാപാത്രങ്ങൾ

സമൂഹത്തിലെ മേലാളരായ ജന്മിമാരുടെ അടിമപ്പണിയിടത്തും തീർത്തും ദയനീയമായ ജീവിതം നയിച്ച ഒരുവിഭാഗം മനുഷ്യരുടെ ജീവിതമാണ് നോവലിൽ ആവിഷ്കരിക്കുന്നത്. തേവൻപുലയനും പള്ളിത്തറ പത്രോസും കണ്ടൻകോരനും ഇങ്ങനെ നായകനിരയിലേക്ക് കടന്നുവരുന്നു. പ്രധാനമായും രണ്ട് സ്ത്രീകഥാപാ ത്രങ്ങളാണ് നോവലിലുള്ളത്. അന്നക്കിടാത്തിയെന്ന് വിളിക്കപ്പെടുന്ന അന്നയും അവളുടെ അമ്മ മറിയയും നോവലിൽ വെറും കാഴ്ചക്കാരാകുന്നില്ല എന്നത് ശ്രദ്ധേയമാണ്.സ്വത്വബോധത്തിൽ ഉറച്ചുനിൽക്കുന്നവരേയും ധർമ്മസങ്കടത്തിലാഴു ന്നവരേയും ഒപ്പം ഉയിർത്തെഴുന്നേൽപ്പിന്റെ ചിത്രങ്ങളും ഇവരിലൂടെ വ്യക്തമാ കുന്നു.

### 2.4.1 സ്വത്വബോധത്തിൽ ഉറച്ചുനിൽക്കുന്നവർ

പുലയ സ്വത്വത്തിൽ ഉറച്ചുനിൽക്കുന്ന കീഴാളനാണ് തേവൻപുലയൻ. നാരാ യണൻ നായരുടെ വിശ്വസ്തനായ പണിക്കാരനാണ് തേവൻപുലയൻ. ഒരു ഓണപ്പ ണിക്കാലത്താണ് തേവൻ ആദ്യമായി നാരായണൻ നായരുടെ പാടത്ത് പണിക്ക് വരുന്നത്. തമ്പുരാന്റെ ഉയർച്ചയ്ക്ക്പിന്നിൽ തേവന്റെ കഠിനാധ്വാനം ആണെങ്കിലും തേവന് പലതരത്തിൽ അവഗണനകൾ നേരിടേണ്ടിവരുന്നു. ഒടുവിൽ തേവനെ തന്റെ തറയിൽ നിന്നും തമ്പുരാൻ ഇറക്കിവിടുമ്പോൾ താൻ ഇത്രയുംനാൾ തമ്പു

രാനുവേണ്ടി കഷ്ടപ്പെട്ടതെല്ലാം വെറുതെയായെന്ന് ആ കീഴാളന് തോന്നുന്നു. തേവന്റെ മകനായ കണ്ടൻകോരൻ പുതുക്രിസ്ത്യാനിയാകാൻ തീരുമാനിക്കുമ്പോഴും തേവൻ തന്റെ പുലയ സ്വത്വത്തിൽ ഉറച്ചുനിൽക്കുന്നു .

### 2.4.2 ധർമ്മസങ്കടത്തിലാഴുന്നവർ

നിലനിന്ന അവഗണനകളെ മറികടക്കാൻ പുതിയ പ്രതീക്ഷകളുമായി മതപരിവർത്തനം നടത്തിയിട്ടും ക്രൈസ്തവ സവർണ്ണർകിടയിലും ദുരിതമനുഭവിക്കേണ്ടി വന്നവരാണ് പുതുക്രിസ്ത്യാനികൾ. നോവലിൽ കടന്നുവരുന്ന പത്രോസിന്റെ ജീവിതത്തിലും ഇത് വ്യക്തമാകുന്നു.

പുതുക്രിസ്ത്യാനി എന്ന നിലയിലാണ് പത്രോസിനെ നോവലിൽ ആവിഷ്കരിച്ചിരിക്കുന്നത്. പത്രോസ് യഥാർത്ഥത്തിൽ ഒരു പുലയനായിരുന്നു. പത്രോസ് തന്റെ ഭാര്യയുടെ മരണശേഷം മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുന്നു. അവർ ഒരേ ഇല്ലത്തിൽപ്പെട്ടവരായിരുന്നു എന്ന കാരണത്താൽ അവർക്ക് ധാരാളം പ്രതിസന്ധികളെ നേരിടേണ്ടിവരുന്നു. ഇത്തരം പ്രതിസന്ധികളെ മറികടക്കുക എന്ന ലക്ഷ്യത്തോടെ കിളിയനും ഭാര്യ കുഞ്ഞഴകിയും പുതുക്രിസ്ത്യാനികൾ ആവുകയും പത്രോസ് എന്നും മറിയ എന്നും പുതിയ പേരുകൾ സ്വീകരിക്കുകയും ചെയ്തു. പുതുക്രിസ്ത്യാനികൾക്ക് സവർണ ക്രൈസ്തവരിൽനിന്ന് അനുഭവിക്കേണ്ടിവരുന്ന അവഗണനകൾ പത്രോസിനെയും തങ്ങളുടെതായ സ്വത്വത്തിൽ നിലയുറപ്പിക്കണമെന്ന ചിന്തയിലാഴ്ത്തുന്നു.

നോവലിലെ പ്രധാന സ്ത്രീകഥാപാത്രങ്ങളാണ് അന്നക്കിടാത്തയും അമ്മ മറിയയും. സ്വന്തം തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നവളാണ് അന്നക്കിടാത്തി .അപ്പന്റെയും അമ്മയുടെയും കരുതലിനെ ബഹുമാനിക്കുമ്പോഴും കണ്ടൻ കോരനോടുള്ള പ്രണയത്തിൽ അന്നക്കിടാത്തി ഉറച്ചുനിൽക്കുന്നു. പുതു ക്രിസ്ത്യാനികൾ യോഗം ബഹിഷ്കരിക്കുമ്പോൾ ആദ്യം ഇറങ്ങിപ്പോരുന്നവരിൽ അന്നക്കിടാത്തിയുമുണ്ട്. തന്റെ തന്നെ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്ന സ്ത്രീ കഥാപാത്രമാണ് അവളുടെ അമ്മയായ മറിയയും .

### 2. 4.3 ഉയർത്തെഴുന്നേല്പിന്റെ ശബ്ദം

പുലയ സ്വത്വത്തിൽ നിലയുറപ്പിക്കുന്ന തേവൻപുലയന്റെ മകനാണ് കണ്ടൻ കോരൻ. നാരായണൻ നായരുടെ പാടത്ത് തേവൻപുലയനൊപ്പം കണ്ടൻകോരനും പണിയെടുക്കുന്നു. പിന്നീട് അഞ്ചിൽതറയിൽനിന്ന് ഇറക്കിവിടുന്ന സാഹചര്യത്തിൽ കണ്ടൻകോരൻ തേവൻപുലയനെയും കൂട്ടി പുതുക്രിസ്ത്യാനിയായ പത്രോസിന്റെ

ഭവനത്തിൽ അഭയം തേടുന്നു .പത്രോസിന്റെ മകൾ അന്നക്കിടാത്തിയുമായി കോരൻ പ്രണയത്തിലാകുന്നു. എന്നാൽ സ്വന്തമായി ഒരു കൂരപോലും ഇല്ലാത്ത തിനാൽ അന്നക്കിടാത്തിയെ കോരന് നഷ്ടപ്പെടുമെന്ന അവസ്ഥയിലാവുന്നു. അന്ന ക്കിടത്തിയെ സ്വന്തമാക്കുക എന്ന ലക്ഷ്യത്തോടെ കോരൻ പുതു ക്രിസ്ത്യാനി യാവുകയും 'തോമ'എന്നപേര് സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ പുതുക്രി സ്ത്യാനികൾക്കിടയിലും നിലനിന്ന സവർണ്ണ മേൽക്കോയ്മ കോരൻ മനസ്സിലാ ക്കുന്നു. അതിനാൽ തന്റെ കുഞ്ഞിനെ പുതു ക്രിസ്ത്യാനിയാക്കി മേലാളന്റെ അടിമ യാക്കാൻ കോരൻ തയ്യാറാകുന്നില്ല. പുലയ സ്വത്വത്തിൽ നിന്ന് മതപരിവർത്തനം നടത്തി പുതുക്രിസ്ത്യാനിയാവുകയും പിന്നീട് സ്വന്തം പുലയസ്വത്വത്തിൽ നിലയുറ പ്പിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയാണ് കണ്ടൻകോരൻ .

## 2.5 നോവൽ: ഭാഷ

വായനക്കാരന് ആനന്ദം പകരുന്ന തരത്തിലല്ല ദലിത് സാഹിത്യകാരൻ രചന നടത്തുന്നത്. ദലിത് ജനതയുടെ മോചനമാണ് ദലിത് സാഹിത്യകാരന്റെ പ്രധാന ലക്ഷ്യം. ജനിച്ചതിന്റെ അന്നുമുതൽ അവൻ അനുഭവിക്കുന്ന വേദനയും അവഹേളന വുമെല്ലാം ഭാഷയിലും പ്രതിഫലിക്കപ്പെടുന്നു. സാധാരണക്കാരന്റെ ഭാഷയാണ് ഉപയോഗിക്കുന്നത്. വാമൊഴിയിൽ ഭേദഗതികൾ വരുത്താതെ അവതരിപ്പി ക്കുമ്പോഴാണ് ദലിത് ഭാഷ ജനകീയമാകുന്നത്. ''അനുഭൂതികളുടെ രസാവിഷ്കാരം അതീശ വർഗ്ഗത്തിന്റെ ശാസ്ത്രമാണെന്നും ദലിത് സാഹിത്യം ദലിത് ജനതയുടെ അതിജീവനത്തിന്റെ ആഖ്യാനമാണെന്നും കെ. കെ. കൊച്ച് അഭിപ്രായപ്പെടുന്നു.''[1]

ദലിതർ ഉപയോഗിക്കുന്ന ഭാഷ മുഖ്യധാര സമൂഹത്തിന്റെ ഭാഷയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് .നോവലിൽ ദലിത് വിഭാഗവും പുതു ക്രിസ്ത്യാനി എന്ന മറ്റൊരു വിഭാഗവും കടന്നുവരുന്നു. പ്രകൃതി സ്ത്രീ വർണ്ണനകൾക്കായി ആലങ്കാരി കമോ സാഹിത്യപരമോ ആയ ഭാഷ ഉപയോഗിക്കുന്നതും ഗ്രാമ്യമോ മലയാളിത്തം നിറഞ്ഞതോ ആയ വാക്കുകൾക്ക് പുറമേ നോവലിന്റെ പരിസരത്തോടെ ഇടയടുപ്പം തോന്നാത്ത സംസ്കൃത പദങ്ങളും നോവലിൽ കടന്നുവരുന്നു. അന്നക്കിടാത്തി യുടെ കണ്ണുകളെ 'സ്നിഗ്ധപക്ഷ്മളങ്ങളായ വിശാല നീലനയനങ്ങൾ'എന്ന് വിശേഷി പ്പിക്കുന്നത് ഇതിന് ഉത്തമ ഉദാഹരണമാണ്.

'തരാം താമ്രാ ഏന് സമ്മതമാ'[2] നോവലിൽ കടന്നുവരുന്ന തേവൻപുല യന്റെ ദയനീയമായ വാക്കുകളാണിത്. 'തനിക്കും ഭരിക്കണം,അടിച്ചമർത്തണം ,അനു

സരിപ്പിക്കണം'[3]. കീഴാളനെ തന്റെ അധികാരത്തിൻ കീഴിൽ നിർത്തണമെന്ന ഒരു ജന്മിയുടെ ചിന്തകളാണ് ഈ വരികളിലൂടെ വ്യക്തമാകുന്നത്. " സത്യവിശ്വാസിയായ പത്രോസിന്റെ തറയിൽ അവിശ്വാസിയായ തേവനും മകനും താമസമാക്കി''[4] സവർണ്ണക്രിസ്ത്യാനികൾക്ക് കീഴാളരോടുള്ള അമർഷമാണ് ഈ വാക്കുകളിൽ തെളിയുന്നത്. വളരെ ലളിതമായ ഭാഷയിലൂടെയാണ് നോവലിന്റെ ആഖ്യാനം. നോവലിൽ കടന്നുവരുന്ന പുതുക്രിസ്ത്യാനികളുടെ ഭാഷയും സാധാരണക്കാരന്റേതായ ലളിതമായ ഭാഷയാണ്. എന്നാൽ സഭയ്ക്കുള്ളിൽ നിലനിൽക്കുന്ന സവർണ്ണ ക്രിസ്ത്യാനികൾ അധികാരത്തിന്റെ ഭാഷയാണ് പുതുക്രിസ്ത്യാനികളുടെ നേരെ പ്രയോഗിക്കുന്നത്. പുതുക്രിസ്ത്യാനികളെ തങ്ങളുടെ അടിമയാക്കണമെന്ന് ചിന്ത അവരുടെ വാക്കുകളിലും പ്രതിഫലിച്ചിരുന്നു.

## 2.6 അടിയാളജീവിതത്തിന്റെ ദൈന്യത

തിരുവല്ലയ്ക്ക് സമീപം മാരാമൺ എന്ന ഗ്രാമത്തിൽ ജീവിച്ച പോൾ ചിറക്കരോട് താൻ കണ്ട യഥാർത്ഥ ദലിത് ജീവിതങ്ങളുടെ കഥ പറയുകയാണ് 'പുലയത്തറ' എന്ന നോവലിലൂടെ. തമ്പുരാന്റെ ഉയർച്ചയ്ക്കായി പകലന്തിയോളം കഷ്ടപ്പെടുന്ന കീഴാള ജനതയെയാണ് നോവലിന്റെ ആദ്യഭാഗത്ത് കാണാനാവുന്നത്. പിന്നീട് നോവലിന്റെ ഗതിമാറുന്നു. തമ്പുരാനുവേണ്ടി എത്രയെല്ലാം കഷ്ടപ്പെട്ടിട്ടും ഒരുനാൾ അവർ അവഗണിക്കപ്പെടുന്നു. ഒടുവിൽ ജാതിയിൽ നിലനിൽക്കുന്ന അവഗണനകളെ മറികടക്കാൻ മതപരിവർത്തനം നടത്തുകയും പുതുതലമുറയുടെ ഉയർത്തെഴുന്നേൽപ്പും നോവലിൽ കാണാനാകുന്നു .

നോവലിലെ തേവൻപുലയനും നാരായണൻ നായരും ജന്മികുടിയൻ ബന്ധത്തെ കുറിക്കുന്നു . നാരായണൻ നായരുടെ വിശ്വസ്തനായ പണിക്കാരനാണ് തേവൻ പുലയൻ . തമ്പുരാൻ നൽകുന്ന ഭൂമിയാണ് കീഴാളന് ആശ്രയമാകുന്നത്. എന്നാൽ അടിയാളനെ അവിടെനിന്ന് എപ്പോൾ വേണമെങ്കിലും ഇറക്കിവിടാനുള്ള അവകാശവും തമ്പുരാനുണ്ട് .തമ്പുരാന്റെ ഓണപ്പണിക്കാരൻ എന്ന നിലയിൽ തേവൻ പുലയന് അഭിമാനമാണ്. തമ്പുരാനുവേണ്ടി എത്ര കഷ്ടപ്പെട്ടാലും കീഴാളന് ഒരിക്കലും അവനർഹിക്കുന്ന കൂലി ലഭിക്കുന്നില്ല. മഴയെന്നോ വെയിലെന്നോ വ്യത്യാസമില്ലാതെ കൃഷിയിടത്തിൽ പണിയെടുക്കുന്ന അവർക്ക് ഏതെങ്കിലും തരത്തിൽ കൃഷി നശിച്ചാൽപോലും അവരുടെമേൽ കുറ്റം ആരോപിക്കപ്പെടുന്നു. അത്തരം അവസ്ഥ നോവലിലും പ്രകടമാകുന്നു. അടിയാളന്റെ ജീവിതം തമ്പുരാന്റെ ജീവിതവുമായി എല്ലാതരത്തിലും കെട്ട്പിണഞ്ഞിരിക്കുന്നു. മണ്ണിൽ

പകലന്തിയോളം അധ്വാനിച്ചാലും അവന് യാതൊന്നും സ്വന്തമാകുന്നില്ല . കഷ്ടപ്പാട് മാത്രമാണ് അടയാളന് എന്നും ബാക്കിയാകുന്നത് . തേവൻപുലയന്റെ മകനായ കണ്ടൻകോരനിലൂടെ പുതുതലമുറയുടെ പ്രതികരണശേഷി അല്പമായി ഉയർന്നുവരുന്നതും നോവലിൽ വ്യക്തമാകുന്നു .

## 2.7 ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം

നാരായണൻ നായരുടെ പാടത്ത് പണിയെടുക്കുന്ന അടിയാളനാണ് തേവൻ പുലയൻ.തമ്പുരാന്റെ ഉയർച്ചയ്ക്കായി തേവൻ പകലന്തിയോളം കഷ്ടപ്പെടുന്നു. ഒരു ഓണപ്പണിക്കാലത്താണ് തേവൻ ആദ്യമായി നാരായണൻ നായരുടെ അടുത്ത് പണിക്കുവരുന്നത്. പിന്നീട് തേവൻ തമ്പുരാന്റെ വിശ്വസ്ത പണിക്കാരനായി. തമ്പുരാന്റെ പാടത്തിന് അരികിലുള്ള അഞ്ചിൽ തറയിൽ തേവനും കുടുംബവും കഴിഞ്ഞു. ഒരുദിവസം മട വീഴ്ചയാൽ കൃഷിയെല്ലാം നശിച്ച സാഹചര്യത്തിൽ തമ്പുരാൻ തേവൻപുലയന്റെമേൽ കുറ്റമാരോപിക്കുന്നു . തമ്പുരാന് വന്നചേർന്ന നഷ്ടം തേവൻപുലയന് സഹിക്കാനായില്ല. എന്നാൽ തമ്പുരാന്റെ വിശ്വസ്തനായ പണിക്കാരൻ ആയിരുന്നിട്ടും തന്റെമേൽ ആരോപിക്കപ്പെട്ട കുറ്റപ്പെടുത്തലുകൾ ആ അടിയാളന് താങ്ങാനായില്ല. ഇത്രയുംനാൾ തമ്പുരാനുവേണ്ടി കഷ്ടപ്പെട്ടതെല്ലാം വെറുതെയായെന്ന് അടിയാളന് തോന്നുന്നു. അവസാനം അഞ്ചിൽ തറയിൽ നിന്നും തേവനെയും മകനെയും തമ്പുരാൻ ഇറക്കിവിടുന്നു. അതോടെ തേവൻപുലയന്റെ ജീവിതത്തിൽ മാറ്റങ്ങൾ കടന്നുവരുന്നു .

അഞ്ചിൽത്തറ വിട്ടിറങ്ങിയ തേവൻപുലയനും മകൻ കണ്ടൻകോരനും പള്ളിത്തറയിലെ പുതുക്രിസ്ത്യാനിയായ പത്രോസിന്റെ വീട്ടിൽ അഭയം തേടുന്നു. പത്രോസ് അവരെ സന്തോഷത്തോടെ സ്വീകരിക്കുന്നു. ഹിന്ദു പുലയനായിരുന്ന പത്രോസ് തന്റെ ഭാര്യയുടെ മരണശേഷം ഒരേ ഇല്ലത്തിൽപ്പെട്ട മറ്റൊരുവളെ വിവാഹം കഴിച്ചു. ഈ കാരണത്താൽ ഒട്ടനവധി പ്രതിസന്ധികൾ പത്രോസിന് നേരിടേണ്ടിവന്നു. അത്തരം പ്രതിസന്ധികളെ മറികടക്കാൻ പത്രോസ് പുതുക്രിസ്ത്യാനിയായി മാറുന്നു.തേവൻപുലയന്റെ അകന്ന ബന്ധുവാണ് പത്രോസ് എങ്കിലും 'സത്യവിശ്വാസി പത്രോസിന്റെ തറയിൽ അവിശ്വാസിയായ തേവനും മകനും താമസമാക്കി'[5] എന്ന കാര്യം എല്ലാവരും അറിയുന്നു. അങ്ങനെ സഭയിൽ നിന്നും പത്രോസിന് ധാരാളം അവഗണനകൾ നേരിടേണ്ടിവരുന്നു. ഒടുവിൽ തേവനും മകനും പത്രോസിന്റെ ഭവനത്തിൽ നിന്നും ഇറങ്ങേണ്ടതായിവന്നു. ഇതേസമയം പത്രോസിന്റെ മകൾ അന്നക്കിടാത്തിയും തേവന്റെ മകൻ കണ്ടൻകോരനും പ്രണയത്തിലാകുന്നു. എന്നാൽ സ്വന്തമായി ഒരു തറപോലുമില്ലാത്ത

കണ്ടൻകോരന് തന്റെ മകളെ വിവാഹംകഴിച്ചു കൊടുക്കാൻ പത്രോസും താല്പ ര്യപ്പെടുന്നില്ല .

അന്നക്കിടാത്തിയെ സ്വന്തമാക്കുക എന്ന ലക്ഷ്യത്തോടെ കണ്ടൻകോരൻ പുതുക്രിസ്ത്യാനിയാകാൻ തീരുമാനിക്കുന്നു. എന്നാൽ മകന്റെ തീരുമാനത്തോട് തേവൻപുലയൻ യോജിക്കുന്നില്ല. കോരൻ പുതുക്രിസ്ത്യാനിയായി 'തോമ' എന്നപേര് സ്വീകരിച്ചു. അന്നക്കിടാത്തിയെ സ്വന്തമാക്കി പള്ളിത്തറയിൽ താമസമാ ക്കുകയും ചെയ്തു.

സഭയിലെ പ്രമാണിയായ കൈക്കാരൻ തോമായാണ് പള്ളിയിലെ എല്ലാ കാര്യ ങ്ങളും തീരുമാനിക്കുന്നത്. പല സന്ദർഭങ്ങളിലും പുതുക്രിസ്ത്യാനികളെ അകറ്റിനിർ ത്തുന്നത് നോവലിൽ വ്യക്തമാകുന്നു.ഒടുവിൽ സഭയിൽ നിലനിൽക്കുന്ന സവർ ണ്ണമേധാവിത്വത്തെക്കുറിച്ച് പുതുക്രിസ്ത്യാനികൾ മനസ്സിലാക്കുന്നു. 'ഞങ്ങളെ അടി മകളാക്കാനാണോ പള്ളീലോട്ട് ചേർത്തെ.'[5] എന്ന ചോദ്യവും പുതുക്രിസ്ത്യാനികളി ൽനിന്ന് ഉയരുന്നു. കുന്നുമ്മോളിൽ സഭയിൽ സവർണ്ണമേധാവിത്വം കൂടിവന്നു. പുതുക്രിസ്ത്യാനികളെല്ലാം ഒറ്റക്കെട്ടായി ഒരു യോഗം കൂടാൻ തീരുമാനിക്കുന്നു. എന്നാൽ സഭയിൽനിന്ന് പല എതിർപ്പുകളും ഉണ്ടാകുന്നു. ഒടുവിൽ യോഗം നട ക്കുന്നു. അങ്ങനെ കുന്നുമ്മോളിൽ സഭയിൽ ഒരു ചേരിതിരിവ് ഉണ്ടാകുന്നു. തോമ യുടെയും അന്നക്കിടാത്തിയുടെയും ജീവിതത്തിലേക്ക് കടന്നുവരുന്ന കുഞ്ഞ് ഒരു മേലാളന്റെ അടിമയാകരുത് എന്ന് തോമ തീരുമാനിക്കുന്നു. യോഗ സ്ഥലത്തുനിന്ന് പുതുതലമുറയുടെ സ്വരം ഉയരുന്നു .

## 2.8 ദലിത് ക്രൈസ്തവരുടെ ഉയർത്തെഴുന്നേൽപ്പ്

പുതിയ ജീവിത സാഹചര്യങ്ങൾ പ്രതീക്ഷിച്ച് മതപരിവർത്തനം നടത്തുന്ന അടിയാള ജനതയ്ക്ക് പ്രതീക്ഷിച്ചതുപോലുള്ള ഒരു ജീവിതമല്ല ലഭിക്കുന്നത്. അവശ ക്രിസ്ത്യാനികൾ എന്ന് പറഞ്ഞ് അവരെ മാറ്റിനിർത്തുകയാണ് ചെയ്യുന്നത് .അക ന്ന ബന്ധുവായ പത്രോസിന്റെ വീട്ടിൽ താമസിക്കുന്ന കണ്ടൻകോരനിലൂടെ ദളിത് ക്രിസ്ത്യാനികളുടെ ജീവിതം തുറന്നുകാണിക്കുന്നു. അത്രയുംനാൾ ജന്മിയിൽ നിന്നും അവഗണനകൾ നേരിടേണ്ടിവന്ന ദളിതർ മതപരിവർത്തനത്തിനുശേഷം സഭയ്ക്കുള്ളിലെ സവർണ്ണ ക്രൈസ്തവരുടെ അവഗണനങ്ങൾ ഏറ്റുവാങ്ങേണ്ടിവ രുന്നു. മതപരിവർത്തനം ദലിത് ജീവിതങ്ങൾ നേരിടുന്ന പ്രതിസന്ധികളുടെ ശാശ്വത മായ ഒരു പരിഹാരമല്ല എന്ന് പള്ളിക്കുള്ളിലും ആരാധന രീതികളിലും സവർണ്ണ മേധാവിത്വത്തിലൂടെയും വ്യക്തമാകുന്നു .

## കുറിപ്പുകൾ

1. കെ .കെ കൊച്ച്,വായനയുടെ ദളിത് പാഠം, 2005,പുറം :20

2.പോൾ ചിറക്കരോട്, പുലയത്തറ, 1962, പുറം: 23

3.പോൾ ചിറക്കരോട്, പുലയത്തറ, 1962, പുറം: 29

4.പോൾ ചിറക്കരോട്, പുലയത്തറ, 1962, പുറം: 52

5.പോൾ ചിറക്കരോട്, പുലയത്തറ, 1962, പുറം: 52

## അധ്യായം മൂന്ന്

# 'കരിക്കോട്ടക്കരി' നോവലിലെ ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം

## അധ്യായം മൂന്ന്

## 'കരിക്കോട്ടക്കരി' നോവലിലെ ദലിത് ക്രൈസ്തവ ജീവിതാവിഷ്കാരം

ഉത്തരാധുനിക നോവൽവിഭാഗത്തിൽ തന്റേതായ കയ്യൊപ്പ് ചാർത്തിയ എഴുത്തുകാരനാണ് ശ്രീ. വിനോയ് തോമസ്. ചെറുകഥാകൃത്ത് എന്ന നിലയിലും അദ്ദേഹം ശ്രദ്ധേയനാണ്. തന്റെ അനുഭവജീവിതപരിസരത്തെ യഥാർത്ഥ സ്വത്വബോധത്തോടെ ഉൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹത്തിന്റെ രചനകൾ മുന്നോട്ട് പോകുന്നത്. വിഷയസ്വീകരണംകൊണ്ടും അവതരണംകൊണ്ടും ഭാഷ യുടെ പുതുമകൊണ്ടും ശ്രദ്ധേയനായ വിനോയ് തോമസിന്റെ കഥാപരിസരങ്ങ ളിൽ കുടിയേറ്റ ക്രൈസ്തവലോകമാണ് ആവിഷ്കൃതമാകുന്നത്. 2014ൽ പ്രസിദ്ധീക രിച്ച 'കരിക്കോട്ടക്കരി'യാണ് അദ്ദേഹത്തിന്റെ ആദ്യ നോവൽ.

### 3.1.നോവൽ: ഇതിവൃത്തം

മനുഷ്യവംശത്തിന്റെ വേരുകൾ തേടിയുള്ള യാത്ര പലപ്പോഴും എത്തിച്ചേരുക ഇരുണ്ടനിറമുള്ള പശിമയാർന്ന മണ്ണിലേക്കാണ്. വംശത്തിന്റെ മഹത്വം ജാതിയുടെ മഹത്വത്തിലാണ് നിലകൊള്ളുന്നതെന്ന മിഥ്യാധാരണ ഇന്നും നിലനിൽക്കുന്നു. മേൽജാതി ശ്രേഷ്ഠതാബോധത്തിലും കീഴ്ജാതിയെന്നത് അപകർഷതാബോധ ത്തിലും എത്തിച്ചേരുന്നതും കാണാനാവുന്നു. മതമില്ല, ജാതിയില്ല എന്ന് ഉറക്കെ വിളിച്ച് പറയുമ്പോഴും ഇന്നും പേരിനു പിന്നിലെ ജാതീയത നിലനിൽക്കുന്നതും കാണാം.

മലബാറിലെ കുടിയേറ്റക്കാരുടെ ജീവിതത്തെയാണ് 'കരിക്കോട്ടക്കരി' എന്ന നോവലിൽ വിനോയ് തോമസ് അവതരിപ്പിക്കുന്നത്. മതംമാറ്റവും അതിനോടനുബ ന്ധിച്ചുള്ള സ്വത്വപ്രതിസന്ധികളും വിശദമായി നോവലിൽ ചർച്ചചെയ്യുന്നു. വടക്കൻ കേരളത്തിലെ കുടിയേറ്റ ഗ്രാമമായ കരിക്കോട്ടക്കരി പുലയരുടെ കാനാൻ ദേശമെന്ന് അറിയപ്പെട്ടിരുന്നു. അവിടത്തെ പുലയരുടെയും പരിവർത്തിത ക്രിസ്ത്യാനികളുടെയും ജീവിത സംഘർഷങ്ങളുമാണ് നോവലിലെ മുഖ്യപ്രമേയം. നോവലിന്റെ തലക്കെട്ടു മുതൽ ഉടനീളം നിറഞ്ഞുനിൽക്കുന്ന ജാതിസ്വത്വത്തിന്റെ കറുപ്പ് ദൃശ്യമാകുന്നു. കാടും മേടും കടന്ന് സമൃദ്ധിയിൽ എത്തിച്ചേർന്ന ജനത തങ്ങളുടെ വംശമഹത്ത്വം ഉറപ്പിക്കുന്നു. അതിനായി അവർ നിയമാവലികളും പുതിയ കഥകളും മെനഞ്ഞെടുക്കുന്നു. തിരുവിതാംകൂറിൽ നിന്ന് മലബാറിലെ ത്തിയ അധികാരത്തിൽ കുടുംബം സവർണ പാരമ്പര്യത്തെയാണ് മുറുകെ പിടിക്കു

ന്നത്. അധികാരത്തിൽ കുടുംബത്തിലെ വർക്കിയവിരയുടെ കാലം മുതലാണ് മലബാർ കുടിയേറ്റത്തിന്റെ ആരംഭം. നിറം, തൊഴിൽ, അധികാരം,പണം എന്നിവയിൽ നിലയുറപ്പിച്ചതാണ് അധികാരത്തിൽ കുടുംബത്തിന്റെ പാരമ്പര്യം.

സവർണ്ണ ക്രൈസ്തവരുടെ കേന്ദ്രമായ മാലോമും പരിവർത്തിത ക്രൈസ്തവരുടെ കേന്ദ്രമായ കരിക്കോട്ടക്കരിയും പുലയരുടെ കേന്ദ്രമായ വെട്ടക്കലുമാണ് നോവലിലെ ജാതിയെ അടയാളപ്പെടുത്തുന്നത്. നിറം കൊണ്ട് ആഭിജാത്യത്തെ അളക്കുന്ന അധികാരത്തിൽ കുടുംബത്തിലേക്ക് വെളുത്ത ശരീരങ്ങൾക്കിടയിലെ ഏക കറുത്ത നിറക്കാരനാണ് നോവലിലേക്ക് കടന്നുവരുന്ന ഇറാനിമോസ് ഫിലിപ്പോസ്. അധികാരത്തിൽ കുടുംബയോഗത്തിൽ ഇറാനി പാടിയ പന്നിപ്പാട്ട് അവനെ ഒറ്റപ്പെടുത്തുന്നു. പാട്ട് പാടുന്ന സമയം കുടുംബയോഗസദസ്സ് അവനൊപ്പം ആയിരുന്നു.എന്നാൽ പാട്ട് പാടിയതിനുശേഷം അവൻ ഏകനായിത്തീരുന്നതും കാണാം.

കറുപ്പു നിറം എങ്ങനെയാണ് സവർണ്ണതയുടെ വെളുപ്പിന് അശ്രീകരമായിത്തീരുന്നത് എന്ന് ഇറാനിമോസിന്റെ തുടർജീവിതം വ്യക്തമാക്കുന്നു. കോളേജ് കാലത്തും കറുപ്പുനിറം ഇറാനിയെ ഒറ്റപ്പെടുത്തുന്നു. അവനെ എല്ലാവരും കരിക്കോട്ടക്കരിക്കാരനായി കാണുന്നു. പരിവർത്തിത പുലയക്രിസ്ത്യാനികളുടെ ഇടമാണ് കരിക്കോട്ടക്കരി. ദലിത് ക്രൈസ്തവരാണ് കരിക്കോട്ടക്കരിയിലുള്ളത്. ഒടുവിൽ നിറത്തിന്റെ പേരിൽ തരംതാഴ്ത്തപ്പെട്ട ഇറാനിക്ക് കൂട്ടായി കരിക്കോട്ടക്കരിക്കാരനായ സെബാൻ എത്തുന്നു. സെബാനിലൂടെ ഇറാനിമോസ് കരിക്കോട്ടക്കരിയിലെത്തുന്നു. എന്നാൽ ഇതറിഞ്ഞ അധികാരത്തിൽ കുടുംബം കഴിക്കോട്ടക്കരിയിൽ പോകരുതെന്ന് ഇറാനിയെ വിലക്കുന്നു. അവൻമൂലം തങ്ങളുടെ കുടുംബമഹിമ നഷ്ടമാകുമോ എന്ന ചിന്ത അധികാരത്തിൽ കുടുംബത്തിലുള്ളവരുടെമേൽ വരുന്നു. തന്റെ തന്നെ സ്വത്വത്തെ കണ്ടെത്താനുള്ള പ്രയാണമാണ് 'കരിക്കോട്ടക്കരി' എന്ന നോവലിൽ വ്യക്തമാകുന്നത്. നോവലിന്റെ അവസാനത്തിൽ താൻ ഒരു ജാരസന്തതിയല്ല എന്നും 'വർക്കിയവിര വല്യപ്പൻ ചെയ്ത ഒരു തെറ്റിന്റെ ഇരകളാണ് നമ്മളെന്നും'[1] ഇറാനി തിരിച്ചറിയുന്നു. തന്റെ പൂർവ്വികർ കയ്യടക്കിവെച്ചിരുന്ന ഭൂസ്വത്തുക്കൾ അതിനർഹതപ്പെട്ടവർക്ക് തിരികെ നൽകുന്നതും നോവലിൽ കാണാനാകുന്നു.

## 3.2 നോവൽ: കഥാപാത്രങ്ങൾ

തങ്ങളുടെ സ്വത്വത്തെ തിരിച്ചറിയാതെ സവർണ്ണമേധാവിത്വത്തിൽ നിലയുറപ്പിക്കുകയും, പുതിയപ്രതീക്ഷകളുമായി മതപരിവർത്തനം നടത്തുകയും ചെയ്യുന്ന ജനതയെയാണ് കരിക്കോട്ടക്കരിയിൽ കാണാനാവുന്നത്. ഇറാനിമോസ്, ഫിലിപ്പോസ്, സെബാൻ, നിക്കോളാസ് അച്ചൻ, ചാഞ്ചൻ വല്യപ്പൻ എന്നിവർ നായക കഥാപാത്രങ്ങളായും റോസമ്മ, ബിന്ദു എന്നിവർ സ്ത്രീകഥാപാത്രങ്ങളായും കടന്നു വരുന്നു. സവർണ്ണ ക്രൈസ്തവബോധം പേറുന്നവരെയും പരിവർത്തനത്തിന്റെ ഭാരം താങ്ങുന്നവരും ഒടുവിൽ സ്വത്വബോധത്തിൽ ഉറച്ചുനിൽക്കുന്നവരെയും നോവലിൽ കാണാനാവുന്നു.

### 3.2.1 സവർണ്ണ ക്രൈസ്തവബോധം പേറുന്ന കഥാപാത്രങ്ങൾ

നിറംകൊണ്ടും സമ്പത്തുകൊണ്ടും സവർണ്ണ ക്രൈസ്തവബോധത്തിൽ ഉറച്ചുനിൽക്കുന്നവരാണ് അധികാരത്തിൽ കുടുംബക്കാർ.

ഉള്ളിൽ കടലോളം സ്നേഹം മകനോട് ഉണ്ടായിട്ടും ആ സ്നേഹം പ്രകടിപ്പിക്കാൻ സാധിക്കാതെപോയ ഒരു പിതാവാണ് ഫിലിപ്പോസ്. അധികാരത്തിൽ കുടുംബത്തിൻറെ ഗ്രഹനാഥനാണ് ഫിലിപ്പോസ്. തൻറെ മകൻ തന്നെ ഉപേക്ഷിച്ച് പോകുന്ന സന്ദർഭത്തിൽ ഏറെ വിഷമിക്കുന്ന ഫിലിപ്പോസ് ഇറാനിയെ തിരികെ വിളിക്കാനും തയ്യാറാകുന്നു. നോവലിന്റെ അവസാനത്തിൽ അധികാരത്തിൽ കുടുംബത്തിൻറെ ചരിത്രമെല്ലാം നുണകളാണെന്നും ഫിലിപ്പോസ് മകനോട് പറയുന്നു.

വളരെ കാത്തിരിപ്പിനുശേഷം ജനിച്ച ഇറാനിമോസ് എന്ന പുത്രനെ ഏറെ സ്നേഹിക്കുന്ന അമ്മയാണ് റോസമ്മ. നിറത്തിന്റെ പേരിൽ ഇറാനി അവഗണനകൾ ഏറ്റുവാങ്ങുമ്പോൾ ആ അമ്മയുടെ മനസ്സും വേദനിക്കുന്നു. താനൊരു ജാരസന്തതിയാണോ എന്ന ചോദ്യം മകന്റെ ഉള്ളിൽ ഉയർന്നപ്പോൾ ആ അമ്മ തകർന്നു പോകുന്നു. അവസാനം മകന്റെ അന്ത്യചുംബനം നേടാതെയാണ് ആ അമ്മ മരണത്തിലേക്ക് യാത്രയാകുന്നത്.മകൻ തിരിച്ചറിയാതെപോയ സ്നേഹത്തിൻറെ തിരുശേഷിപ്പാണ് റോസമ്മ എന്ന കഥാപാത്രം.

### 3.2.2 പരിവർത്തനത്തിന്റെ ഭാരമനുഭവിക്കുന്നവർ

ഏറെ പ്രതീക്ഷകളുമായി ക്രിസ്തുമതത്തിലേക്ക് പരിവർത്തിക്കപ്പെട്ട ജനതയാണ് കരിക്കോട്ടക്കരിയിൽ പ്രത്യക്ഷമാകുന്നത്.

കരിക്കോട്ടക്കരിക്കാരൻ ആയിട്ടാണ് സെബാൻ നോവലിൽ കടന്നുവരുന്നത്. നിറത്തിന്റെ പേരിൽ എല്ലാവരും അവഗണിക്കുന്ന ഇറാനിക്ക് സെബാന്റെ സൗഹൃദ മായിരുന്നു ഏക ആശ്രയം. ഇറാനി ആദ്യമായി കരിക്കോട്ടക്കരിയിൽ എത്തു ന്നത് സെബാനിലൂടെയാണ്. ക്രിസ്ത്യൻ പരിവേഷത്തിൽ നിലനിൽക്കുന്ന സെബാൻ തന്റെ പുലയസ്വത്വത്തിലേക്ക് തിരിച്ചു പോകുവാൻ ആഗ്രഹിക്കുന്നു. അതുവഴി സംവരണത്തിലൂടെ ജോലി നേടുക എന്നതായിരുന്നു സെബാന്റെ ലക്ഷ്യം. കരിക്കോട്ടക്കരയിൽനിന്ന് പോയ സെബാൻ ഒരു പുലയൻ ആവുകയും സുമേഷ് എന്ന പേര് സ്വീകരിക്കുകയും ചെയ്തു. പുലയനായി മാറിയ സെബാൻ ത ന്റെ ലക്ഷ്യത്തിൽ എത്തിച്ചേരാനും ഇഷ്ടപ്പെട്ട പെണ്ണിനെ സ്വന്തമാക്കാനും കഴിഞ്ഞു. സ്വന്തം സ്വത്വത്തിലേക്ക് തിരിച്ചു പോകണം എന്ന ആഗ്രഹമാണ് സെബാനിൽ വ്യക്തമാകുന്നത് .

പുലയസ്വത്വത്തിലേക്ക് തിരിച്ചുപോകുന്ന വ്യക്തിയാണ് സെബാൻ. സെബാനെപോലെതന്നെ കരിക്കോട്ടക്കരിയിൽനിന്ന് മോചനം ആഗ്രഹിക്കുന്നവ ളാണ് സെബാന്റെ പെങ്ങളായ ബിന്ദു. കരിക്കോട്ടക്കരിയിൽ നിന്നും മോചനം നേടി ഒരു പുലയന്റെ കുഞ്ഞുങ്ങളെ പ്രസവിക്കുവാൻ ആഗ്രഹിക്കുന്ന അവളിൽ ഒരു വിപ്ല വകാരി ജനിക്കുന്നുണ്ട്.കരിക്കോട്ടക്കരിയെ നശിപ്പിക്കാൻ നടക്കുന്നവൾ എന്ന പേര് പലപ്പോഴും അവളെ തേടിവരുന്നു. എങ്കിലും പലപ്പോഴും ബിന്ദുവിനെ കൂടുതൽ ശക്തയാക്കാൻ മാത്രമാണ് അത് ഉപകരിച്ചിട്ടുള്ളത്.

### 3.2.3 സ്വത്വബോധം ഘോഷിക്കുന്നവർ

ജനനം മുതൽക്കേ നിറത്തിന്റെ പേരിൽ അവഗണനകൾ ഏറ്റുവാങ്ങുന്നവ നാണ് ഇറാനിമോസ്.അധികാരത്തിൽ കുടുംബത്തിലുള്ളവരിൽ ഏറെ വ്യത്യസ്ത നാണ് ഇറാനി. താനൊരു ജാരസന്തതിയാണോ എന്ന ചിന്ത ഇറാനിയിൽ പലപ്പോഴും കടന്നുകൂടുന്നു. സ്വന്തം അമ്മയെപ്പോലും ഇറാനി സംശയ നിഴലിൽ കാണുന്നു. തന്റെ യഥാർത്ഥ സ്വത്വത്തെ തേടിയുള്ള പ്രയാണമാണ് 'കരിക്കോട്ട ക്കരി' എന്ന നോവലിൽ വ്യക്തമാകുന്നത്. താനൊരു ജാരസന്തതിയല്ലെന്ന് ഇറാനി സ്വന്തം അപ്പനിൽ നിന്നുതന്നെ തിരിച്ചറിയുന്നു. ആ നിമിഷം അമ്മയെ സംശയിച്ച തിൽ വേദനിക്കുന്ന ഒരു പുത്രനായി ഇറാനി മാറുന്നു.പൂർവ്വികർ കൈയ്യടക്കിവെച്ചി രുന്ന ഭൂമി അർഹമായവർക്ക് ഇറാനി തിരികെ നൽകുന്നു. സ്വന്തം സ്വത്വത്തിൽ അഭിമാനം കൊള്ളുന്ന യുവാവാണ് ഇറാനിമോസ്.

തന്നിലെ പുലയ സ്വത്വത്തെ മരണം വരെ നെഞ്ചോട് ചേർത്ത വ്യക്തിയാണ് ചാഞ്ചൻ വല്യപ്പൻ സർവ്വ സുഖങ്ങളും കരിക്കോട്ടക്കരിയിൽ ഉണ്ടായിട്ടും അയാൾ

ഒരു ഏകാന്ത സഞ്ചാരിയെ പോലെ യാത്ര നടത്തി കരിക്കോട്ടക്കരിയിലെ ജനങ്ങൾ തന്റെ  വംശ പാരമ്പര്യത്തിൽ പെട്ടവരാണ് എന്ന ബോധത്താൽ അയാൾ ഇട യ്ക്കിടെ അവരെ കാണാൻ കരിക്കോട്ടക്കരിയിൽ എത്തുന്നു. കാരണവർ സ്ഥാനം ഏറ്റെടുത്തുകൊണ്ടുള്ള പെരുമാറ്റമാണ് അയാളുടേത്. സ്ത്രീകളുടെ ശരീരത്തോട് അമിത അഭിനിവേശവും അയാൾക്കുണ്ട്. നിക്കോളാസ് അച്ചനിലെ നന്മയെ അയാൾ അവസാനമാണ് തിരിച്ചറിയുന്നത്. ഉള്ളിൽ തോന്നിയ കാര്യങ്ങൾ വെട്ടി തുറന്നു പറയുന്ന അദ്ദേഹം മണ്ണിന്റെ മണവും മനുഷ്യന്റെ ഹൃദയവും അറിഞ്ഞ യഥാർത്ഥ പുലയനാണ് എന്ന് വ്യക്തമാകുന്നു.

ഇവരിൽനിന്നെല്ലാം ഏറെ വ്യത്യസ്തനായ കഥാപാത്രമാണ് നിക്കോളാച്ചൻ. ദലിതരുടെ പ്രശ്നങ്ങളെ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന വ്യക്തിയാണ് അദ്ദേഹം. അരികുവത്കൃതരായ ഒരു ജനതയ്ക്ക് സ്വന്തം ഇടവും അതിജീവനമാർഗവും മാന്യ മായ ജീവിതവും സാധ്യമാക്കിയ വ്യക്തിയാണ് നിക്കോളാച്ചൻ. ക്രിസ്തുവിന്റെ ഇടയ നായി വർത്തിക്കുന്ന അദ്ദേഹം  ക്രൈസ്തവ പാരമ്പര്യത്തെ മുറുകെ പിടിക്കുന്നു. തന്റെ വിശ്വാസങ്ങളെ മാത്രം പ്രാധാന്യത്തോടെ കാണാതെ ഇതര മതക്കാരുടെ വിശ്വാസങ്ങളെയും അദ്ദേഹം ആദരിക്കുന്നു. തന്റെ മരണശേഷവും കരിക്കോട്ടക്കരി നല്ലരീതിയിൽ നിലനിൽക്കണമെന്ന് നിക്കോളാച്ചൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും എല്ലാം കച്ചവടക്കണ്ണോടെ മാത്രം കാണുന്നവർ കരിക്കോട്ടക്കരിയേയും വില്പന ചരക്കായി കണക്കാക്കുന്നു .

## 3.3.അധികാരത്തിൽ കുടുംബം

കേരളത്തിൽ എണ്ണപ്പെട്ട പുരാതന ക്രൈസ്തവ കുടുംബങ്ങളിൽ ഒന്നാണ് അധികാരത്തിൽ കുടുംബം. തിരുവിതാംകൂറിൽനിന്ന് മലബാറിൽ എത്തിയ അധി കാരത്തിൽ കുടുംബം സവർണപാരമ്പര്യത്തെ മുറുകെ പിടിച്ചിരുന്നു. AD-842ൽ കൊല്ലത്തെ താരിസാപ്പള്ളിയുടെ  അധികാരിയായിരുന്ന മാർ സപീർ ഈ സോയുടെ സഹോദരനായ അഫ്രോത്താണ് അധികാരത്തിൽ കുടുംബത്തിന്റെ ആദിപിതാമഹൻ . അഫ്രോത്ത് മണിനങ്ങയെന്ന ബ്രാഹ്മണയുവതിയുമായി വൈവാ ഹികബന്ധത്തിൽ ഏർപ്പെട്ടു. അങ്ങനെയാണ് അധികാരത്തിൽ കുടുംബത്തിന്റെ തുടക്കം. വൈദേശികവും തദ്ദേശീയവുമായ രണ്ട് കുലീന പാരമ്പര്യങ്ങളുടെ കൂടിച്ചേരലിൽനിന്നാണ് അധികാരത്തിൽ കുടുംബം ഉടലെടുക്കുന്നത്. ആ കുടുംബ ത്തിലുള്ളവർ നല്ല നിറവും ഉയരവും ഉള്ളവരായിരുന്നു.'കേരള ക്രൈസ്തവ ചരിത്ര ത്തിൽ സവിശേഷമായ സ്ഥാനമുള്ള ഒരു കുടുംബം എന്നനിലയിൽ തങ്ങളുടെ പാര

മ്പര്യം കലർപ്പില്ലാതെ സൂക്ഷിക്കേണ്ടതിലേക്കായി അവർ തങ്ങളുടെതായ ചില കർശന നിയമങ്ങൾ ഉണ്ടാക്കി.'[2]

- കുടുംബത്തിലേക്ക് വധുക്കളെ തിരഞ്ഞെടുക്കുമ്പോൾ വധു കുടുംബത്തിന്റെ അഞ്ച്തലമുറകൾക്കപ്പുറംവരെ വംശാവലി അറിഞ്ഞിരിക്കണം .

- അചഞ്ചലവും ധീരവുമായ ക്രൈസ്തവ വിശ്വാസം എല്ലാ കുടുംബാംഗങ്ങളിലും ഉണ്ടായിരിക്കണം.

- പെൺമക്കളെ വിവാഹം കഴിക്കുമ്പോഴും ഇക്കാര്യങ്ങൾ അറിഞ്ഞിരിക്കണം . എന്നിങ്ങനെയുള്ള നിയമങ്ങൾ അധികാരത്തിൽ കുടുംബത്തിൽ നിലനിന്നിരുന്നു. എന്നാൽ ഇത്തരം കർശന നിയമങ്ങൾ പലപ്പോഴും പാലിക്കാൻ കഴിയാതെ വന്നവരാണ് അധികാരത്തിൽ പുത്തൻവീട്ടിൽ,അധികാരത്തിൽ താഴെപ്പുരയിൽ, അധികാരത്തിൽ കൊഴിഞ്ഞമ്യാലിൻ എന്നീ കുടുംബക്കാർ. അവരുടെ കുടുംബപേരിനൊപ്പം അധികാരത്തിൽ എന്ന പേര് പിന്നീട് ഉപയോഗിച്ചിരുന്നില്ല.

അധികാരത്തിൽ എന്ന സവർണ്ണപാരമ്പര്യത്തിന്റെ കണ്ണിയാണ് വർക്കിയവിര.

വർക്കിയവിരയിൽനിന്നാണ് മലബാർ കുടിയേറ്റത്തിന്റെ ആരംഭം. അതിനാൽ മലബാർ കുടിയേറ്റത്തിന്റെ പിതാവായി വർക്കിയവിര അറിയപ്പെടുന്നു. അഞ്ച് വർഷം കൂടുമ്പോൾ നടക്കുന്ന കുടുംബയോഗം അദ്ദേഹത്തിന്റെ പദ്ധതിയായിരുന്നു. വംശത്തിന്റെ സവർണ്ണബോധത്തെ ഊട്ടിയുറപ്പിക്കുകയായിരുന്നു ഈ യോഗത്തിന്റെ ലക്ഷ്യം.കുഞ്ചെറിയയുടെ മൂത്തമകനാണ് കുഞ്ഞേപ്പ്. മലബാറിലെ ഏറ്റവും പ്രബലമായ അധികാരത്തിൽ താവളമായി മാലോം തിരഞ്ഞെടുത്തതും കുഞ്ഞേപ്പാണ്. കുഞ്ചെറിയയെക്കാൾ ഒരു വാശിക്ക് കൂടി അഭിമാനിയായിരുന്നു കുഞ്ഞേപ്പ്. കുഞ്ഞേപ്പിന്റെ മകനാണ് ഫിലിപ്പോസ്. ഫിലിപ്പോസിന്റെ മകനായ ഇറാനിയുടെ ജനനത്തോടെ അധികാരത്തിൽ കുടുംബത്തിന്റെ ചരിത്രം മാറുന്നു.

അധികാരത്തിൽ കുടുംബത്തിലെ എല്ലാവരിൽനിന്നും ഇറാനിമോസ് വ്യത്യസ്തനാണ്. അവന്റെ കറുത്ത നിറമാണ് അവനെ വേറിട്ടുനിർത്തുന്നത്.അധികാരത്തിൽ കുടുംബത്തിൽ നടക്കുന്ന യോഗത്തിനിടയിൽ ഇറാനി പന്നിപ്പാട്ട് പാടുന്നു. പാട്ട് പാടിയതിനുശേഷം എല്ലാവരും അവനെ ഉറ്റുനോക്കി. പിന്നീട് കോളേജ് കാലഘട്ടത്തിലും അവന്റെ നിറം അവനെ വേട്ടയാടുന്നു.'കരിക്കോട്ടക്കരി'ക്കാരൻ എന്ന് എല്ലാവരും അവനെ വിളിക്കുന്നു. പരിവർത്തിത പുലയക്രിസ്ത്യാനികളുടെ കേന്ദ്രമാണ് 'കരിക്കോട്ടക്കരി'. ദലിത് ക്രൈസ്തവരാണ് കരിക്കോട്ടക്കരിയിലുള്ളത്. ഇറാ

നിയുടെ ഏകാന്തതയ്ക്ക് കൂട്ടായി മാറുകയാണ് സെബാൻ. അങ്ങനെ സെബാനി ലൂടെ ഇറാനി കരിക്കോട്ടക്കരിയിൽ എത്തുന്നു. തന്റെ പുലയസ്വത്വം തേടൻ ഇറാനി ശ്രമിക്കുന്നുഒടുവിൽ താൻ ജാരസന്തതിയല്ലെന്നും അധികാരത്തിൽ കുടും ബചരിത്രം കെട്ടുകഥയാണെന്നും ഫിലിപ്പോസിൽനിന്ന് ഇറാനി മനസ്സിക്കുന്നു.'വർ ക്കിയവിര വല്യപ്പൻ ചെയ്ത ഒരു തെറ്റിന്റെ ഇരകളാണ് നമ്മളെന്നും' ഫിലിപ്പോസ് പറയുന്നു .

### 3.4.'കരിക്കോട്ടക്കരി' സ്വത്വത്തിലേക്കുള്ള തിരിച്ചുവരവ്

ഉത്തരാധുനിക നോവൽ സാഹിത്യത്തിൽ ഏറെ ശ്രദ്ധ നേടിയ നോവലാണ് 'കരിക്കോട്ടക്കാരി 'സമകാലിക എഴുത്തുകാരിൽ പ്രമുഖനായ വിനോദ് തോമസാണ് കരിക്കോട്ടക്കരിയുടെ രചയിതാവ്. ഈ നോവലിലെ കേന്ദ്ര കഥാപാത്രം എന്ന സ്ഥാ നവും 'കരിക്കോട്ടക്കരി ' എന്ന പ്രദേശത്തിന് ഉണ്ടെന്ന് വ്യക്തമാകുന്നു. വേദനക ളുടെ കയ്പ്പുനീര്കുടിച്ച് കഴിഞ്ഞ ഒരു തലമുറയെ അതിജീവനത്തിന്റെ മാർഗ്ഗ ത്തിലേക്ക് നയിച്ച കഥയാണ് കരിക്കോട്ടക്കരിക്ക് പറയാനുള്ളത്.നോവലിലെ പ്രധാന കഥാപാത്രങ്ങളിൽ ഒരാളായ നിക്കോളാച്ചൻ എന്ന പാതിരിയാണ് കരിക്കോട്ടക്കരിയുടെ നാഥൻ.

പരിവർത്തിത പുലയ ക്രിസ്ത്യാനികളുടെ കേന്ദ്രമാണ് 'കരിക്കോട്ടക്കരി'. ദലിത് ക്രൈസ്തവരാണ് കരിക്കോട്ടക്കരിയിലുള്ളത്.കറുത്ത വംശം എന്ന കാരണ ത്താൽ അടിമത്തം അനുഭവിക്കേണ്ടിവന്ന ജനതയെ കരിക്കോട്ടക്കരിയിലേക്ക് കൊണ്ടുവന്നത് നിക്കോളാച്ചൻ ആണ്. മലബാർ കുടിയേറ്റത്തിന്റെ മറ്റൊരു മുഖം കൂടി ഇവിടെ വ്യക്തമാകുന്നു. ജാതിക്കിടയിലെ അടിമത്വത്തെ മറികടക്കാൻ ഒരു ജനത പുതു ക്രിസ്ത്യാനിയായി മാറുന്നു. വേഷം, ഭാഷ,ജീവിതം, ഭക്ഷണം എന്നിവ തികച്ചും കരിക്കോട്ടക്കരിയിൽ വ്യത്യസ്തമാണ്. കരിക്കോട്ടക്കരി തികച്ചും വ്യത്യസ്ത ഭൂമികയാണ്.വരണ്ടുണങ്ങിയ കൽപ്രദേശമായിരുന്ന കരിക്കോട്ടക്കരിയെ പച്ചപ്പിന്റെ പറുദീസയാക്കിതീർത്തു. എന്നാൽ എത്രയൊക്കെ മാറ്റാൻ ശ്രമിച്ചിട്ടും വംശീയമായ ചില ശീലങ്ങളെ മാറ്റുവാൻ കരിക്കോട്ടക്കരികാർക്ക് കഴിഞ്ഞില്ല. ക്രിസ്ത്യാനിയായി ജീവിക്കുമ്പോഴും കോഴിക്കുരുതി നടത്തി പിതൃക്കളെ തൃപ്തിപ്പെടുത്താൻ ഇരു ട്ടിന്റെ ഒളിവിടങ്ങളെ അവർ ഉപയോഗിച്ചു.

ക്രിസതീയ പാരമ്പര്യം നിലനിർത്തിപോന്ന അധികാരത്തിൽ കുടുംബത്തിലെ ഇറാനിയും ഒടുവിൽ കരിക്കോട്ടക്കരി എന്ന ദേശത്ത് എത്തുന്നു. പേരുകേട്ട കുടും ബങ്ങളിൽ ഒന്നാണ് അധികാരത്തിൽ കുടുംബം. അവിടെയുള്ളവർ സാമ്പത്തിക മായും അതുപോലെ സൗന്ദര്യത്തിന്റെ കാര്യത്തിലും പുറകിലല്ല. എന്നാൽ ഇറാനി

യുടെ കറുപ്പ്നിറം അവനെ ഒറ്റപ്പെടുത്തുന്നു. താനെങ്ങനെ കറുത്തവനായി എന്ന ചിന്ത ഇറാനിയിൽ കടന്നുകൂടി. കോളേജ് കാലഘട്ടത്തിൽ ഇറാനിയെ എല്ലാവരും കരിക്കോട്ടക്കരിക്കാരനായി കാണുന്നു. ഒടുവിൽ തന്റെ സുഹൃത്തായ സെബാനി ലൂടെ ഇറാനി കരിക്കോട്ടക്കരിയിൽ എത്തുന്നു. കരിക്കോട്ടക്കരിയിൽ ഇറാനി തന്റെ സ്വത്വത്തെ അന്വേഷിക്കുന്നു.ക്രിസ്തീയ പാരമ്പര്യത്തിൽ നിലനിന്ന്പോന്ന അധികാ രത്തിൽ കുടുംബത്തിന്റെ ചരിത്രം കെട്ടുകഥയാണെന്ന് ഇറാനി തിരിച്ചറിയുന്നു. അങ്ങനെ തന്റെ പുലയസ്വത്വം ഇറാനി ഉറപ്പിക്കുന്നു.

**കുറിപ്പുകൾ**

1. ബഷീർ എം.എം (എഡി) , മലയാളനോവൽ സാഹിത്യമാല, വാല്യം.3, 2020, പുറം: 2559

2. വിനോയ് തോമസ്, കരിക്കോട്ടക്കരി, 2014, പുറം: 7

# ഉപസംഹാരം

## ഉപസംഹാരം

സമൂഹത്തിൽ അരികുവത്ക്കരിക്കപ്പെടുന്ന ഒരു ജനതയാണ് ദലിതർ. സാഹിത്യമെന്ന മാധ്യമത്തിലൂടെ അവർ തങ്ങളുടെ സ്വത്വത്തെ പൊതുസമൂഹ ത്തിന് മുന്നിൽ അവതരിപ്പിക്കുന്നു. ഹൈന്ദവ വിഭാഗത്തിൽതന്നെ ഏറ്റവും അടിച്ച മർത്തപ്പെട്ടവരാണ് ദലിതർ. ജാതിയതയിലെ അവഗണനകൾ അവരെ മതപരിവർ ത്തനത്തിന് ഇടയക്കിയെങ്കിലും അവർ ദലിത് ക്രൈസ്തവർ എന്നാണ് അറിയപ്പെട്ടി രുന്നത്. അതിനാൽ ദലിത് സാഹിത്യത്തിന്റെ ഉൾപ്പിരിവിൽ ദലിത് ക്രൈസ്തവ സാഹിത്യവും ഉൾപ്പെടുന്നു.അത്തരത്തിൽ പോൾ ചിറക്കരോടിന്റെ' പുലയത്തറ', വിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി' എന്നീ നോവലുകളിൽ ദലിത് ക്രൈസ്തവ ജീവിതങ്ങളെ  ആവിഷ്കരിക്കുന്നു.

ആധുനിക കാലഘട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട നോവലാണ് പോൾ ചിറക്കരോടിന്റെ 'പുലയത്തറ'. ജാതിക്കുള്ളിലെ വേർതിരിവ് ആ കാലഘട്ടത്തിൽ വർധിക്കുകയും അത് മതപരിവർത്തനത്തിന് ഇടയാക്കുകയും ചെയ്തു. എന്നാൽ മതപരിവർത്തനത്തിലൂടെ ക്രിസ്തുമതത്തിൽ ചേർന്നവർക്ക് പ്രതീക്ഷിച്ച തുപോലുള്ള മോചനം സാധ്യമായില്ല. സവർണ്ണക്രൈസ്തവർക്കിടയിൽ പുതു ക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് അവർ മാറ്റിനിർത്തപ്പെട്ടു. ആ അവസ്ഥയ്ക്ക് പൊയ്കയിൽ  അപ്പച്ചന്റെ സ്വാധീനം വളരെ വിലമതിക്കുന്നതാണ്. അത്തരത്തിൽ ദലിത് ക്രൈസ്തവജീവിതങ്ങളെ അവതരിപ്പിക്കുന്ന നോവലാണ് പോൾ ചിറ ക്കരോടിന്റെ 'പുലയത്തറ'.  ദലിത് സ്വത്വത്തിൽ നിന്ന് അവഗണനകളെ മറികട ക്കാൻ ക്രൈസ്തവമതം  സ്വീകരിക്കുകയും എന്നാൽ അവിടെയും അവർക്ക് ക്രൈസ്തവരായി നിലനിൽക്കാനാവുന്നില്ല. ഒടുവിൽ പുതുക്രിസ്ത്യാനി എന്ന സ്വത്വത്തിൽ ഉറച്ച്നിൽക്കുകയും ചെയ്യുന്നതോടെയാണ് നോവൽ അവസാനിക്കു ന്നത്.

ഉത്തരാധുനിക കാലഘത്തിൽ എഴുതപ്പെട്ട നോവലാണ്  വിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി'. സവർണ്ണക്രിസ്ത്യാനികൾ, ദലിത് ക്രിസ്ത്യാതികൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാണ് നോവലിൽ കടന്നുവരുന്നത്. സവർണ്ണക്രിസ്ത്യാ നിയായ അധികാരത്തിൽ കുടുംബത്തിന്റെ മഹിമ സമ്പത്തുകൊണ്ടും  നിറം കൊണ്ടുമാണ് നിലനിൽക്കുന്നത്. എന്നാൽ നോവലിന്റെ അവസാനത്തിൽ  അധി കാരത്തിൽ കുടുംബത്തിന്റെ ചരിത്രം കെട്ടുകഥയാകുന്നു.അതിന്റെ പ്രതീകമായി അധികാരത്തിൽ കുടുംബാംഗമായ ഇറാനി തന്റെ സ്വത്വം തിരിച്ചറിയുന്നു.

എന്നാൽ ദലിത് ക്രൈസ്തവർ എന്നറിയപ്പെടുന്ന കരിക്കോട്ടക്കരി പ്രദേശവാസികൾ പൂർണ്ണമായും ക്രൈസ്തവരായി മാറുന്നില്ല. ദലിത് ക്രിസ്ത്യാനികളുടെ ശബ്ദത്തെയും ചെറുത്തുനിൽപ്പുകളെയും തമസ്കരിക്കുന്ന മുഖ്യധാര സമൂഹത്തെ പോൾ ചിറക്കരോടിന്റെ 'പുലയത്തറ',ബിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി' എന്നീ നോവലുകളിൽ വ്യക്തമായി തെളിയുന്നു.

## നിഗമനങ്ങൾ

- ആധുനികകാലത്തെ സാമൂഹികമാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് എഴുതിയ ദലിത് ക്രൈസ്തവനോവലാണ് പോൾ ചിറക്കരോടിന്റെ 'പുലയത്തറ'.
- ദലിതൻ ക്രിസ്താനിയാകുമ്പോൾ സവർണ ക്രൈസ്തവരിൽനിന്ന് നേരിടേണ്ടിവന്ന അവഗണയും നിസ്സഹായതയും ആവിഷ്കരിക്കുന്നു.
- മതപരിവർത്തനത്തിലൂടെ ക്രൈസ്തവരാവുകയും എന്നാൽ സവർണ്ണമേധാവിത്വത്തിന്റെ ഫലമായി ദലിതരായും ക്രൈസ്തവരായും നിലനിൽക്കാൻ കഴിയാത്ത ജീവിതങ്ങളെ 'പുലയത്തറ' എന്ന നോവലിൽ ആവിഷ്കരിക്കുന്നു.
- 'കരിക്കോട്ടക്കരി' നോവലിലെ അധികാരത്തിൽ കുടുംബം സമ്പത്തിലും നിറത്തിലും തങ്ങളുടെ സവർണ്ണമേധാവിത്വം ഊട്ടിയുറപ്പിക്കുവാൻ ശ്രമിക്കുന്നു.
- ദലിതരിൽനിന്ന് പ്രതീക്ഷയോടെ ക്രൈസ്തവമതത്തിലേക്ക് മതപരിവർത്തനം നടത്തുകയും പിന്നീട് ദലിത് സ്വത്വത്തിലേക്ക് തിരിച്ചുവരുന്ന ജനതയും 'കരിക്കോട്ടക്കരി'യിൽ ദൃശ്യമാകുന്നു.
- കറുപ്പുനിറം അടിയാളന്റെ പ്രതീകമായും 'കരിക്കോട്ടക്കരി'യിൽ ചിത്രീകരിക്കുന്നു.
- രണ്ടു നോവലുകളുടെയും ശീർഷകങ്ങളിലൂടെ ദലിത് സ്വത്വബോധത്തെ ഊന്നിപറയുന്നത് വ്യക്തമാകുന്നു.
- ദലിത് ക്രൈസ്തവജീവിതം ആവിഷ്കരിക്കുന്ന 'പുലയത്തറ'','കരിക്കോട്ടക്കരി'എന്നീ നോവലുകളിലും ദളിതസ്വത്വത്തെ ഉയർത്തിക്കാണിക്കാൻ ശ്രമിച്ചിരിക്കുന്നു.

# ഗ്രന്ഥസൂചി

## ഗ്രന്ഥസൂചി


1. അനിൽകുമാർ ടി.കെ. മലയാളസാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം. തൃശൂർ: കേരള സാഹിത്യ അക്കാദമി, 2004

2. കൊച്ച് കെ.കെ. ദലിത് നേർക്കാഴ്ചകൾ. തിരുവനന്തപുരം: രാവൺ പബ്ലിക്കേഷൻസ് , 2013

3. പോൾ ചിറക്കരോട്. പുലയത്തറ. കോട്ടയം: മനോരമ ബുക്സ് ,1962

4. പരമേശ്വരൻ പിള്ള എരുമേലി. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ. കോട്ടയം: കറന്റ് ബുക്സ് ,1996

5.പുരുഷോത്തമൻ കെ.സി. ദലിത് സാഹിത്യ പ്രസ്ഥാനം. തൃശൂർ: കേരള സാഹിത്യ അക്കാദമി , 2008

6.ബഷീർ എം.എം (എഡി) . മലയാളനോവൽ സാഹിത്യമാല. വാല്യം3. കോട്ടയം: ഡി .സി ബുക്സ് , 2020

7.വിനോയ് തോമസ്. കരിക്കോട്ടക്കരി. കോട്ടയം: ഡി.സി.ബുക്സ് , 2014

8. ജോബിൻ ചാമക്കാല (എഡി). നോവലും പ്രാദേശികതയും. കോഴിക്കോട് : ആത്മബുക്സ് , 2020


## ഓൺലൈൻ റഫറൻസ്


1.https://www.manoramaonline.com/literature/bookreview/2019/12/24/pulayathara-novel-by-paul-chirakkarode.html

2.https://alablog.in/issues/39/pulayathara-dalit-lives/

3.https://wtplive.in/Special-Stories/bincy-mariya-about-dalit-christian-life-in-malayalam-novels-1325

4.https://wtplive.in/Caste/Cast-column-the-other-world-vinil-paul-dalit-christian-issues-266

5.https://mgutheses.in/page/?q=T%202983&search=&page=3&rad=#1

6.https://ml.m.wikipedia.org/wiki/%E0%B4%A6%E0%B4%B3%E0%B4%BF%E0%B4%A4%E0%B5%BC

7.https://ml.m.wikipedia.org/wiki/%E0%B4%A6%E0%B4%B3%E0%B4%BF%E0%B4%A4%E0%B5%8D_%E0%B4%95%E0%B5%8D%E0%B4%B0%E0%B4%BF%E0%B4%B8%E0%B5%8D%E0%B4%A4%E0%B5%8D%E0%B4%AF%E0%B4%BE%E0%B4%A8%E0%B4%BF